# വിവേകോദയം

"ശ്രീനാരായണധർമ്മപരിപാലനയോഗം" വക ഒരു മാസികപുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

പുസ്തകം 7. } 1085 വൃശ്ചികം, ധനു. { നമ്പർ 8 & 9.


## മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

ഈ ലോകം നമുക്കു സയൻസും, സയൻസുകളും ഒക്കെ ഉണ്ടായിട്ടും ഒരു ദിവ്യശക്തിപ്രകടനംപോലെതന്നെ ഇരിക്കുന്നു; അത്ഭുതകരവും, അപരിച്ഛേദ്യവും, ഐന്ദ്രജാലികവുമായിതന്നെ ഇരിക്കുന്നു. അധികം ആലോചിച്ചുനോക്കുന്നവർക്കു ഇതു അധികവും അപ്രകാരമാകുന്നു.

കാർലൈൽ

ഭാഗ്യത്തെ അഭിമാനത്തോടുകൂടാതെ കൈക്കൊള്ളുകയും അതൃപ്തിയോടുകൂടാതെ വെടികയും ചെയ്യുവിൻ.

മാർക്കസ് ഓറീലിയസ്

നാം ഉറങ്ങുന്നു, എന്നാൽ നമ്മുടെ ജീവിതമാകുന്ന നെയ്ത്തുയന്ത്രം ഒരിക്കലും വിശ്രമിക്കുന്നില്ല. സൂര്യൻ അസ്തമിച്ചപ്പോൾ എങ്ങിനെ നെയ്തുകൊണ്ടിരിക്കയായിരുന്നുവോ അടുത്തദിവസം സൂര്യോദയത്തിലും അങ്ങിനെ തന്നെ നെയ്തുകൊണ്ടുതന്നെയിരിക്കുന്നു.

ബീച്ചർ

കൊല്ലരുത്. നിങ്ങൾ കൊല്ലുന്ന ഏററവും നിസ്സാരമായ ജന്തുപോലും അതിൻെറ ഉൽക്കർഷത്തിന്നായി പുറപ്പെട്ടിരിക്കയാകുന്നു. ആളുകളോടു ദയയുള്ളവരായിരിക്കുവിൻ!

ബുദ്ധമുനി

തത്വജ്ഞാനത്തിൻെറ അവസ്ഥ എന്തുതന്നെ ആയിരിക്കട്ടെ; അദ്ധ്യാത്മവിദ്യയുടെ അവസ്ഥ എന്തുതന്നെ ആയിരിക്കട്ടെ, എല്ലാ

കാലംവരേ ലോകത്തിൽ മരണംഎന്ന ഒരു കാൎയ്യമുണ്ടോ. ഏതു കാലംവരേ മനുഷ്യഹൃദയത്തിൽ അധൈൎയ്യം എന്നൊന്നുണ്ടോ, ഏതുകാലംവരെ ഹൃദയത്തിൽനിന്നു ആ അധൈൎയ്യംകൊണ്ടുള്ള ഒരു കരച്ചിൽ പുറപ്പെടുമോ അതുവരെ ഒരീശ്വരനുണ്ടെന്നുള്ള വിശ്വാസം ഉണ്ടായിരിക്കതന്നെ ചെയ്യും.

വിവേകാനന്ദസ്വാമി

ഒരു കുട്ടി നിലവിളിച്ചും ഉപദ്രവിച്ചും അതിന്റെ അമ്മയോടു കളിപ്പാട്ടങ്ങൾക്കും കാശിനുമായി കെഞ്ചി പ്രാൎത്ഥിക്കുന്നു. അതുപോലെയാണ് ഈശ്വരൻ തന്റെ ഏറ്റവും അടുത്തതും ഉററതുമായ ബന്ധുവാണെന്നും തന്റെ സ്വന്തമാണെന്നും അറിയുന്ന ഒരുവനും ചെയ്യുന്നതു്. അവൻ ഒരു സാധുവായ കുട്ടിയെപ്പോലെ അത്യാസക്തിയോടെ ഈശ്വരനെ കാണ്മാൻ ഉള്ളുകൊണ്ടു കരയുന്നു, അവനു ഒടുവിൽ അദ്ദേഹത്തിന്റെ ദിവ്യദൎശനം ലഭിക്കയും ചെയ്യുന്നു. അങ്ങിനെ അത്യാസക്തിയോടെ കെഞ്ചുന്ന ഒരു ഭക്തനിൽനിന്നു മറഞ്ഞിരിപ്പാൻ ഈശ്വരനു കഴിയുന്നതല്ല.

രാമകൃഷ്ണപരമഹംസർ

---

## സാമാന്യധൎമ്മങ്ങൾ.

(തുടൎച്ച)

---

### പ്രായശ്ചിത്തം.

വിധിച്ചകൎമ്മം ചെയ്യാഞ്ഞാൽ, നിഷേധിച്ചതു ചെയ്കിലും,
വിഷയാസക്തനായാലും പ്രായശ്ചിത്താൎഹനാം നരൻ. ൪൫

പാപം ചെയ്തുള്ളതും പശ്ചാത്താപത്താൽ പോയിടുന്നുപോൽ
ഇനിച്ചെയ്കില്ലെന്നൊഴിക്കുന്നേന്നാൽ താൻ ശുദ്ധനായവൻ. ൪൬

അറിഞ്ഞുമറിയാതെയു മകൃത്യം ചെയ്തുപോയവൻ
അതിൽനിന്നൊഴിവാൻമോഹ മെന്നാൽ ചെയ്യാകവീണ്ടുമേ. ൪൭

### ക്ഷമ.

ദുഃഖമേകൊല്ല, താനാൎത്ത നെന്നാലും ദ്രോഹമോൎക്കൊലാ
കേട്ടാലഴലുദിക്കുന്ന കടുവാക്കുമുരയ്ക്കൊലാ. ൪൮

ഉറങ്ങിടുന്നസുഖമാ യുണരുന്നവമാനിതൻ
സുഖമായ് ഭുവിൽവാഴുന്നിങ്ങവമന്താകെടുന്നുതാൻ ൪൫

### സുഖദുഃഖങ്ങൾ.

അടങ്ങിവാഴ്കസംതൃപ്തി യാൎന്നസൌഖ്യംകൊതിപ്പവൻ
സുഖത്തിൻഹേതു സംതൃപ്തി, യസുഖത്തിന്നതൃപ്തിയും; ൪൬
പണിപ്പെട്ടും പരാധീന കൎമ്മമെല്ലാമൊഴിക്കുക
തനിക്കുവശമായുള്ളതേതതിൽതന്നെതാങ്ങുക ൪൭
എല്ലാംപരവശംദുഃഖ, മെല്ലാമാത്മവശംസുഖം
സുഖദുഃഖങ്ങൾരണ്ടിനും സംക്ഷേപിച്ചിതു ലക്ഷണം. ൪൮

### സദാചാരം.

നാരിയോ നീചനോതന്നെ നല്ലതായൊന്നുചെയ്കിലും
അതൊക്കെച്ചെയ്ക യുക്തംപോൽ തന്മനസ്സിന്നിണങ്ങുകിൽ ൪൯
സുധകൊൾവൂ വിഷത്തിനും സൂക്തിപൈതലിൽനിന്നുമേ
മലത്തിൽനിന്നും കനകം കാൎയ്യംവൈരിയിൽനിന്നുമേ. ൫൦

(ശുഭം)

---

## കൃഷിവിഷയം

൮൩ തുലാത്തിലെ ''വിവേകോദയത്തിൽ,, ഞാറ് ഒററയായി നടേണ്ടതു ആവശ്യമാണെന്നു വിവരിക്കുന്ന ഒരു ലേഖനം കണ്ടു. ആ ലേഖനമാണ് എന്നെ ഇതെഴുതാൻ പ്രേരിപ്പിച്ചതു.

നമ്മുടെ നാട്ടിലെ കൃഷി മോശമാണെന്നും ആ വിഷയത്തിൽ കാലത്തിന്നനുസരിച്ചു കോലം നാം കെട്ടുന്നില്ലെന്നും നാം തന്നെ സമ്മതിക്കുന്നുണ്ട്. നമ്മുടെ ആഹാരസാധനമായ നെല്ലും അതിനോളം പ്രാധാന്യമുള്ള തേങ്ങയും വേണ്ടവിധത്തിലുണ്ടാക്കാൻ നാം പ്രകൃതിയെത്തന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. എങ്കിലും ധ്രുവോപാന്തങ്ങളിൽ ഉണ്ടാകുന്ന ചെടികളുടെയും പുല്ലുകളുടെയും വിവരണങ്ങളും അവ കൃഷിചെയ്യേണ്ടവിധങ്ങളും വിദേശങ്ങളിലെ പത്രങ്ങളിൽ നിന്നു പണിപ്പെട്ടു ഭാഷാന്തരംചെയ്തു നമ്മെ ഗ്രഹിപ്പിച്ചു നമ്മുടെ കൃഷിയെ പരിഷ്കരിക്കാൻ ചില യോഗ്യന്മാർ ശ്രമിക്കുന്നില്ലെന്നില്ല. അല്പകാലത്തിനിപ്പുറം കൃഷിവിഷയത്തിൽ നമുക്കും ഒരുണർച്ച ഉണ്ടായിരിക്കുന്നു. ഇതിന്റെ ഫലമായി ചില പ

തിയ കൃഷിസമ്പ്രദായങ്ങൾ ഇടയ്ക്കിടെ നമ്മുടെ ശ്രദ്ധയേയും ആകർഷിക്കാറുണ്ട്. നെല്ല് ഒററയായി നടുന്ന സംഗതി ഇയ്യിടെ പലരും ഓർക്കാറുണ്ടല്ലോ. ഒരു പരിഷ്കൃതോപായം ഉണ്ടെന്നു കേട്ടാൽ ഉടനെ അതു പ്രവൃത്തിയിൽ വരുത്തി പരീക്ഷിക്കാനിറങ്ങുന്ന ഒരു വിദ്വാനെ മേല്പറയപ്പെട്ട സംഗതി കണക്കെ ഒന്നു പററിച്ചു. അതു കൃഷിക്കാർ അറിഞ്ഞിരിക്കേണ്ടതാവശ്യം. ഷേടകൃഷിക്കു നിലം പൂട്ടിയൊരുക്കി അയൽ കൃഷിക്കാരെല്ലാം പരശുരാമന്റെ കാലത്തുള്ള സമ്പ്രദായമനുസരിച്ചു നട്ടു. ഈ അവസരത്തിൽ പരിഷ്കരിക്കപ്പെട്ട കൃഷിക്കാരൻ "ഒററസ്സമ്പ്രദായം" നിലത്തിൽ പ്രയോഗിച്ചു. മററു കൃഷിക്കാർ ഇയ്യാളെ "കമ്പ"മെന്നോ "പിച്ച"നെന്നോ പറഞ്ഞെങ്കിലും അയാൾ അതൊക്കെ "നാൺസെൻസ്", ആക്കിയതേയുള്ളു. ഞാറു വേരുറച്ചു കുറെക്കഴിഞ്ഞപ്പോൾ പതിവുപോലുള്ള വെള്ളപ്പൊക്കമായി. മഴകൊണ്ടു പാടങ്ങൾ നിറഞ്ഞു. മലയിൽ നിന്നു തുള്ളിച്ചാടി ഇരച്ചൊഴുകി പാറകളിൽത്തട്ടി പതഞ്ഞു പരന്ന വെള്ളം ആററിൽക്കൂടി തോടുകളിലും പാടങ്ങളിലും നിരന്നു. വരമ്പുകളും തടങ്ങളും മുറിഞ്ഞു കായലും ആറും തോടും പാടവും എല്ലാം ഒന്നുപോലായി. കൃഷിക്കാർ വയററിൽ കൈവച്ചു. അവർ മൺവെട്ടികളും പാരക്കോലുകളുമായി പൊഴിക്കരെച്ചെന്നു കഴിയുന്നതെല്ലാം ചെയ്തിട്ടും ഒരുവാരം കൊണ്ടേ പൊഴി മുറിഞ്ഞൊള്ളു. പിന്നീടു വെള്ളം മുഴുവൻ ഒഴുകിക്കടലിൽ ചേരാൻ പത്തുദിവസത്തോളം വേണ്ടിവന്നു. ഇതിനിടയ്ക്കു നെല്ലെല്ലാം അഴുകി വെള്ളത്തോടുപോയി. പരശുരാമന്റെ കാലത്തെ സമ്പ്രദായക്കാരുടെ നിലങ്ങളിൽ അഞ്ചുമാറും ചുവടായിരുന്ന നെല്ലുകൾ "വണ്ണലി"ന്റെ ഉരംനിമിത്തം പുതിയ മുളകൾപൊട്ടി മുൻപത്തെക്കാൾ തഴച്ചു കൊഴുത്തു. "ഒററക്കാരന്റെ" നിലംമാത്രം ശേഷിച്ചു. കൊയ്ത്തുകാലത്തു വിദ്വാൻ രാമേശ്വരത്തോ ശബരിമലയിലോ പോയതെന്നു ഞാനറിഞ്ഞില്ല.

ഇതുകൊണ്ടു ഞാറ് ഒററയായി നടുന്ന സമ്പ്രദായം ചീത്തയാണെന്നല്ല ഞാൻ പറയുന്നതു. മററുള്ള സൗകര്യങ്ങൾ കൂടി നോക്കി ചെയ്യേണ്ടതാണെന്നേയുള്ളു. എല്ലാവിധങ്ങളും എല്ലായിടങ്ങളിലും ചേരുകയില്ല. നിലങ്ങളിലേക്കു വെള്ളം പായിച്ചു കൃഷിചെയ്യുന്ന നാഞ്ചിനാട്ടും നിലങ്ങളിൽ നിന്നു വെള്ളം വററിച്ചു കൃഷിയിറക്കുന്ന കുട്ടനാടും ഒഴിച്ചാൽ നമ്മുടെ നാട്ടിൽ മിക്ക നിലങ്ങളും വെള്ളത്തിനായി വേഴാമ്പലിനെ വർഷകാലത്തെക്കാത്തുകൊണ്ടാണിരിക്കുന്നതു. ഇങ്ങനെയുള്ള നിലങ്ങളിൽ ഒററഞാറു ഉണ്ടാ

ങ്ങിക്കരിഞ്ഞാൽ പിന്നീടു വെള്ളം കിട്ടിയതുകൊണ്ടും ഫലമില്ല. പത്തുപന്ത്രണ്ടു ഒരുമിച്ചു നട്ടിരുന്നാൽ ഒന്നും രണ്ടുമെങ്കിലും ഒരുവിധം പച്ചപിടിച്ചു കിടക്കുന്നുണ്ടാകാം. പിന്നെ വെള്ളം കിട്ടുമ്പോൾ കൊഴുത്തു മുളകൾ പൊട്ടി നന്നായിക്കൊള്ളും. ഒററയായി നടുന്ന സമ്പ്രദായം മിതമായ ഉഷ്ണവും നനവും സദാ ഉണ്ടായിരിക്കുന്ന നിലങ്ങളിൽ നല്ലതുതന്നെ. ജലപ്രവാഹവിഷയത്തിൽ നമുക്ക് ഇപ്പോഴത്തെക്കാളധികം ശ്രദ്ധയുണ്ടാകുമ്പോൾ ഈ സമ്പ്രദായം ആരും സ്വീകരിക്കതന്നെ വേണം. ഇനി വേറൊരുകാര്യംകൂടി ഇതിൽ ചിന്തിക്കേണ്ടതായുണ്ട്. എല്ലാനെല്ലുകൾക്കും ധാരാളം മുളപൊട്ടുന്ന ശക്തി ഉള്ളതായി കാണപ്പെടുന്നില്ല. അതിനാൽ ഒററയായി നടേണ്ടതിനു യോജിക്കുന്ന നെല്ലുകൾ ഏതെല്ലാം തരത്തിലുള്ളവയാണെന്നു നാം പ്രത്യേകം പരീക്ഷിച്ചറിയണം. അവയെ പാകി ഞാറാക്കി നടണം. ശരിയായ ഉരവും ചേർക്കണം. ഇങ്ങനെയായാൽ "ധാരാളം" വിത്തു വയലിൽ വാരി ചിതറണമെന്നില്ല. അതങ്ങനെ.

ഇനി ഇരുമ്പുകലപ്പകൊണ്ടു താഴ്ത്തി ഉഴുതാൽ ധാരാളം വിളവുണ്ടാകുമെന്നു നാമുടെ ചില "പുതിയ ആളുകൾ" ഭ്രമിക്കാറുണ്ട്. അതും വേണ്ടവിധത്തിൽ ചെയ്താൽ നല്ലതുതന്നെ. നാമുടെ "അച്ഛകുത്തുകാർ" കുട്ടികളുടെ ഭുജങ്ങളിൽ അല്പം തൊലിയിളക്കി ഗോവസൂരിപ്പാൽ കലർത്തുന്നതുപോലെയാണ് നാം നിലങ്ങളിൽ വളം ചേർക്കാറുള്ളതു. വല്ല കാട്ടുകമ്പോ ഉണക്കില്ലാത്ത ഇലയോ നിലത്തിലിട്ടു മാന്തി അല്പമൊന്നു മറയ്ക്കും. അതുകൊണ്ടു വളം അടിയിലേയ്ക്കു പോകുന്നില്ല. താഴ്ത്തി ഉഴുതു മറിക്കുമ്പോൾ വളത്തിന്റെ ആവേശം ഇല്ലാത്തമണ്ണു മീതെവരും. ഇതുനിമിത്തം വിളവു കുറയും. ധാരാളം വളംചെയ്കയും രണ്ടുമൂന്നാണ്ടു പതിവായി താഴ്ത്തി ഉഴുകയും ചെയ്താൽ ശരിയായി. വളരെനാളായി മണ്ണിളകാതെയിട്ടിരുന്നതോട്ടത്തിൽ നിധിയെടുക്കാനായി താഴ്ത്തി കിളച്ചപ്പോഴുടനെ ധാരാളം വിളവുണ്ടായി ധനവാനായിക്കഴിഞ്ഞ പഴയ രണ്ടാംപാഠത്തിലെ കൃഷിക്കാരന്റെ മമ്മട്ടിയിൽ മാർത്താണ്ഡവർമ്മയിലെ ശങ്കുആശാന്റെ "അമേഠാർ സംപൂറിപ്പാട് ധാന്യാന്തരം നൂററൊന്നാവൃത്തി ജപിച്ചു ആവാഹിച്ചിരററ" ഉണ്ടായിരിക്കാം.

ചിറയിൻകീഴ് പി. ഗോവിന്ദപ്പിള്ള.

ഒരു

# വഞ്ചിപ്പാട്ട്

(കഴിഞ്ഞ സ്വാമിതിരുനാൾ സംബന്ധിച്ചു എഴുതിയതു്.)

൧ നാമശേഷമതുപാദമാംമരത്തിൻനിഴലിങ്കൽ
ഭീമതാപഭീതിയെന്ന്യെ വസിച്ചീടുന്നു.

൨ ആമഹാത്മായിട്ടുംശ്രീമൽ സ്വാമിപാദംഭൂമിയിങ്കൽ
ആമയമെന്നിയെചിരം ജയിച്ചീടട്ടെ.

൩ ആയിരംമുപ്പത്തിരണ്ടുമായന്നുള്ളോരാണ്ടു ചിങ്ങ
മായമാസമതിൽസ്വാമി യവതരിച്ചു.

൪ ബാലനായിക്കഴിഞ്ഞോരു കാലമതിലുള്ളകഥ
ആലപിക്കാനുള്ളവണ്ണമറിഞ്ഞുകൂടാ

൫ ഏറെയൊന്നുംപഠിച്ചില്ലെ ന്നേറെയാളുമുരചെയ്തു
വേറെയെന്തുപറയേണ്ടു ദൈവമാഹാത്മ്യം

൬ താനറിഞ്ഞുതന്നെയതി മാനുഷനാംതിരുമേനി
ജ്ഞാനവൈശിഷ്ട്യമിനിയും പറയേണമൊ

൭ സർവ്വഭൂതാനെന്നബോധം തനിക്കുണ്ടായതുകൊണ്ടു
സർവ്വരിലുമൊരുപോലെ സ്നേഹമുണ്ടായി

൮ നിർവ്വിശേഷംവിചാരിച്ചു സർവ്വമാകുംഭാവാഭാവങ്ങളും
നിർവ്വിഷയബ്രഹ്മമതിൽ നിർവൃതംമനം

൯ ആരെയുംപ്രത്യേകമായി ചേരുവാനില്ലെന്നുതാനി
ആരതിയുംവിട്ടുപോയ്പോൽ ഗേഹവാസത്തിൽ

൰ നമ്മെയെല്ലാമുയർത്താനായ് നന്മയോടെപ്രവർത്തിക്കു
ന്നമ്മയിൽസ്വാമിയെന്നോർപ്പു നമ്മളെല്ലാരും

൰൧ തന്നുടെജാതിക്കുയർച്ച വന്നിടാനായ്പ്രയത്നിക്കും
ഉന്നതനാദേഹമെന്നു മന്യരിൽക്കേവിൽ

൰൨ ഏതിലുംസ്നേഹമില്ലത്രെ ജാതിഭേദമില്ലതെല്ലും
വീതഖേദൻയതിയെന്നും ചിലരോതുന്നു

൰൩ ഈഴവർക്കുള്ളുയർത്തിപ്പാൻ തോഷമാർന്നു ജനിച്ചോരു
ശേഷരായിതന്നെയെന്നു ചിലരോർക്കുന്നു

൧൪ താണജാതിയെന്നവെയ്പു വേണ്ടുമെന്നില്ലെന്നുവെച്ചി
ട്ടാണുയതികളെന്നുതന്നെ ചിലരോർക്കുന്നു

൧൫ മുക്തിയിരക്കുന്നനല്ലഭക്തശിഷ്യർക്കുപദേശം
യുക്തമേകുംഗുരുവെന്നും വിചാരിക്കുന്നു

൧൬ യോഗിയെന്നും വിചാരിപ്പു രോഗികൾക്കു സുഖമേകും
യോഗമുള്ളഭിഷക്കെന്നും ചിലർ ചിന്തിപ്പു

൧൭ സിദ്ധനെന്നും ഭക്തനെന്നും മുക്തനെന്നും യുക്തനെന്നും
ശുദ്ധനെന്നും യുക്തിയോരോന്നുരച്ചീടുന്നു

൧൮ ചൊല്ലെഴുംവിദ്വാനിതെന്നും നല്ലകാവ്യംചമയ്ക്കുന്ന
കല്യനായകവിയെന്നും കഥിച്ചീടുന്നു

൧൯ ആചാരംനന്നാക്കിടുവാൻ ആചരിച്ചുകാണിക്കുംലോ
കാചാര്യൻതാനെന്നുചിലർ ചിന്തിച്ചീടുന്നു

൨൦ ഓരോജനമോതീടുന്നീ തോരോവിധമിവയെല്ലാം
ചേരുവോന്നുമായിക്കാണ്മൂ വിചാരിക്കുമ്പോൾ

൨൧ ഏതാവതാനമുക്കെന്നും ഓതാവതായില്ലയല്ലാ
ശ്രീതാവുംതിരുമേനിതൻ ചാരുവൃത്തങ്ങൾ

൨൨ നാരായണഗുരുസ്വാമി പാദമീഴവർക്കൈശ്വ
ര്യാരായവേരാണെന്നുള്ള താമാഭിപ്രായം

൨൩ നേരായതാണെന്നതിങ്കൽ ചേരായുവാൻകരുത്തുന്നോർ
പാരായതിലാരായുകിലാരായീടുന്നു?

൨൪ ആയതിനെവിചാരിച്ചും ആയതിയെനിരൂപിച്ചും
ആയതയാംഭക്തിയകതാരതിലാർന്നും

൨൫ ആമഹാത്മാവിൻതിരുനാളാമതീവപുണ്യദിനം
ആദരിച്ചാദരിക്കുക സോദരന്മാരേ!

൨൬ അമ്പത്തിനാലാംവയസ്സി ന്നാമ്മൊത്തുടങ്ങിസത്വ
സ്വഭാവത്തോടും ഭഗവാനാം സ്വാമികൾക്കേറ്റിൻ

൨൭ തൻപത്തുദ്ദേശിച്ചസൌഖ്യ സമ്പത്തുലഭിക്കുംതീയ
ർക്കെവിലാകല്പമീമാഹം സംഭവിക്കട്ടെ.

കൊളത്തൂർ വി. കുഞ്ഞൻവാദ്ധ്യാർ.

# ആത്മോപദേശശതകം

[തുടർച്ച]

അറിവിനു ശക്തിയനന്തമുണ്ടിതെല്ലാ-
മറിവിടാം സമ, യന്യയെന്നിവണ്ണം
ഇരുപിരിവായിതി, ലന്യസാമ്യമാകു-
മുരുവിലമർന്നു തെളിഞ്ഞുണർന്നിടേണം ൩൬
വിഷമതയാർന്നുഴമന്യ വെന്നുകൊൾവാൻ
വിഷമമഖണ്ഡവിവേകശക്തിയൊന്നേ
വിഷമയെ വെന്നതിനാൽ വിവേകമാകും
വിഷയവിരോധിനിയോടണഞ്ഞിടേണം ൩൭
പലവിധമായറിയുന്നതന്യ, യൊന്നായ്
വിലസുവതാം സമ; യെന്നു മേലിലോതും
നിലയെയറിഞ്ഞു നിവർന്ന സാമ്യമേലും
കലയിലലിഞ്ഞു കലർന്നിരുന്നിടേണം ൩൮
അരുളിയശക്തികളെത്തുടർന്നു രണ്ടാം
പിരിവിവയിൽ സമതൻ വിശേഷമാകും
വിരതിവരാ വിഷമാവിശേഷമൊന്നി-
ത്തരമിവരണ്ടുവിധത്തിലായിടുന്നു ൩൯
സമയിലുമന്യയിലും സദാപി വന്നി-
ട്ടമരുമുപാധിയതിൻ വിശേഷശക്തി
അമിതയതാകിലുമാകെ രണ്ടിവറ്റിൽ
ഭ്രമകലയാലഖിലം പ്രമേയമാകും ൪൦
ജ്ഞാതൃകരമെന്നതിലാദ്യമാമിതെന്നു-
ള്ളതു വിഷമം കടമൊ വിശേഷമാകും
മതിമുതലായ മഹേന്ദ്രജാലമുണ്ടാ-
വതിനിതുതാൻ കരുവെന്നു കണ്ടിടേണം ൪൧
ഇദമറിവെന്നതിലാദ്യമാമിതെന്നു-
ള്ളതു സമതന്റെ വിശേഷമാണു ബോധം
മതിമുതലായവയൊക്കെ മാറി മേൽ സൽ-
ഗതിവരുവാനിതിനെ ഭജിച്ചിടേണം ൪൨
പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം
സുകൃതികൾ പോലുമഹോ ചുഴന്നിടുന്നു
വികൃതി വിടുന്നതിനായി വേല ചെയ്വീ-
ലകൃതി ഫലാഗ്രഹമറ്ററിഞ്ഞിടേണം ൪൩

# രാജയോഗം

[തുടർച്ച]

പ്രാണായാമത്തിന്റെ ഒററ നോട്ടം പ്രാണനെ എങ്ങിനെ നിയമനം ചെയ്യാമെന്നുള്ളതാണ്. ഈ അഭ്യാസങ്ങളും, പരിചയങ്ങളും എല്ലാം ആ ഒരേകാൎയ്യസാദ്ധ്യത്തിന്നായിട്ടാകുന്നു. ഓരോമനുഷ്യനും താൻനില്ക്കുന്ന നിലയിൽനിന്നുതന്നെ ആരംഭിക്കയും, തനിക്കു ഏററവും അടുത്തുള്ളവസ്തുക്കളെതന്നെ നിയമനംചെയ്വാൻ പഠിക്കയും വേണം. ഈ ശരീരമാകുന്നു നമുക്കുഏററവും അടുത്തുള്ളവസ്തു; പ്രപഞ്ചത്തിലുള്ള മറേറതിനേയുംകാൾ ഇതു അടുത്തുള്ളതാകുന്നു; ഈ മനസ്സും എല്ലാവറേറയുംകാൾ അടുത്തതാകുന്നു; ഈ മനസ്സിനേയും ശരീരത്തേയും വ്യാപരിപ്പിക്കുന്ന പ്രാണൻ ഈ ലോകത്തിലുള്ള മറെറല്ലാപ്രാണനേയും അപേക്ഷിച്ചു നമുക്കു ഏററവും അടുത്തുള്ളതാണ്; നമ്മുടേസ്വന്തം മാനസികവും ശാരീരവുമായ ശക്തികളുടെ സൂചകമായ പ്രാണന്റെ ഈ ചെറിയ അല, അഖണ്ഡമായ പ്രാണസമുദ്രത്തിൽ നമുക്കു ഏററവും അടുത്തുള്ള അലയാകുന്നു. ഈ ചെറിയഅലയേ നിയമനം ചെയ്വാൻ സാധിച്ചെങ്കിൽ മാത്രമേ മുഴുവൻപ്രാണനേയും നിയമനംചെയ്വാൻ നമുക്കു ആശിക്കാവു. ഇതു സാധിച്ചയോഗിക്കാണ് പൂൎണ്ണസിദ്ധിയുണ്ടാകുന്നതു്. ഇതിന്നുശേഷം അവന്നുമേലായി ഒരു ശക്തിയും ഉണ്ടായിരിക്കയില്ല. അവൻ മിക്കവാറും സൎവ്വശക്തനായും മിക്കവാറും സൎവ്വജ്ഞനായും തീരുന്നു. ഈ പ്രാണനിയമനത്തെ സംബന്ധിച്ചു ശ്രമിച്ചിട്ടുള്ളതായി എല്ലാ രാജ്യങ്ങളിലും ചിലകൂട്ടരേ നാം കാണുന്നുണ്ട്. ഈ രാജ്യത്തു (അമേരിക്ക) മാനസചികിത്സകന്മാർ, വിശ്വാസംകൊണ്ടു രോഗശാന്തിവരുത്തുന്നവർ, പരേതവിശ്വാസികൾ, മനോവ്യാപാരഭേദത്താൽ ആരോഗ്യത്തേ സമ്പാദിക്കുന്നവർ മാസ്മര നിദ്രാവിദ്യക്കാർ ആദിയായിപലരും ഉണ്ട്. ഈ വിവിധകക്ഷികളേയും നാം പിരുത്തുനോക്കുകയാണെങ്കിൽ അവക്കെല്ലാവക്കും അടിസ്ഥാനമായിരിക്കുന്നതു് അവർ അറിയുന്നെങ്കിലും ഇല്ലെങ്കിലും ഈ പ്രാണന്റെ നിയമനം ഒന്നുതന്നെആണെന്നു നമുക്കു് കാണാം. അവരുടെ സിദ്ധാന്തങ്ങളെ ഒക്കേയും അപചയിച്ചുനോക്കിയാൽ പരിശേഷിക്കുന്നതെല്ലാം ഒന്നുതന്നെ ആയിരിക്കും. അവർവിനിയോഗിക്കുന്ന ശക്തിയെല്ലാം കേവലം ഒന്നുതന്നെആകുന്നു. അവർ അറിയുന്നില്ലെന്നെയുള്ളു. ഒരുശക്തിയുടെ ആവിഷ്കരണത്തിൽ അവർ യദൃച്ഛയാസ്ഖലിച്ചുവീണുഎന്നല്ലാതെ അതിന്റെസ്വഭാവത്തെ അവർ അറിയുന്നില്ല. എന്നാൽ അവർ പ്രാണനിൽ നിന്നുണ്ടാകുന്നവ

യും യോഗിഉപയോഗിക്കുന്നവയും ആയ അതേശക്തികളെ തന്നെ അറിയാതെ ഉപയോഗിക്കയും ചെയ്യുന്നു.

ഈ പ്രാണനനാണ് എല്ലാ ജീവികൾക്കും ജീവശക്തിയായിരിക്കുന്നത്. പ്രാണന്റെ ഏററവും നേർത്തതും, അത്യന്തംഉയന്നതും ആയ വ്യാപാരം വിചാരമാകുന്നു; എന്നു തന്നയല്ല ഈ വിചാരംമാത്രവുമല്ല നാം കാണുന്നതായുള്ളതു്; സ്വബോധരഹിതമായ വിചാരമെന്നോ സഹജബോധമെന്നോ നാം പറയുന്നതായ ഒരുവകവിചാരവുംഉണ്ട്. അതു് വ്യാപാരത്തിന്റെ ഏററവും അടിയിലത്തെ പടിയാണ്. ഒരു കൊതുക നമ്മേകടിക്കയാണെങ്കിൽ വിചാരിക്കാതെതന്നെ നമ്മുടെ കൈ തനിയേഅല്ലെങ്കിൽ സഹജമായി അതിനേ അടിക്കുന്നു. ഈ വിചാരത്തിന്റെ ഒരു പരിണാമമാണ് ശരീരത്തിന്റേ പ്രതിക്രിയാരൂപമായ പ്രവൃത്തികൾ എല്ലാം ഈ സ്ഥാനത്തിലുള്ള വിചാരത്തിലുൾപ്പെടുന്നു. പിന്നേ സ്വബോധം എന്നു പറയുന്ന ഇതിനേക്കാൾ ഉയന്നതരമായ വിചാരമുണ്ട്. ഞാൻ ഊഹിക്കുന്നു; ഞാൻ നിർണ്ണയിക്കുന്നു; ഞാൻ വിചാരിക്കുന്നു; ഞാൻ ചില കാൎയ്യങ്ങളുടെ അനുകൂലപ്രതികൂല ഭാഗങ്ങൾ എല്ലാം കാണുന്നു; എന്നാൽ അതുമാത്രംതന്നെയുമല്ല ഉള്ളതു്. ഊഹത്തിനു അതിരുണ്ടെന്നു നമുക്കറിയാം. ഏതാനം ദൂരത്തോളം മാത്രമേ ഊഹത്തിനു ചെല്ലാൻകഴിയൂ. അതിനപ്പുറം എത്താൻ അതിനു കഴികയില്ല. ഊഹത്തിന്നു ഓടിനടക്കാൻ കഴിയുന്നതായ ചക്രവാളം വാസ്തവത്തിൽ വളരെ വളരെ ചെറുതാകുന്നു. അങ്ങിനേയാണെങ്കിൽ കൂടിയും ഈ ചക്രവാളത്തിൽ വസ്തുതകൾ ഓടിവന്നു കയറുന്നതായി നാം കാണുന്നുണ്ട്. കേതുക്കളുടേ ഉദയംപോലെ ഈ ചക്രവാളത്തിൽ ചിലവസ്തുതകൾ വന്നുകേറുന്നു; നമ്മുടെ ഊഹത്തിന്നു ഈ ചക്രവാളത്തിന്റെ അതൃത്തികടന്നുപോകാൻകഴികയില്ലെങ്കിലും അവ ആ അതൃത്തിക്കപ്പുറത്തുനിന്നു വരികയാണെന്നുള്ളതു നിശ്ചയമാകുന്നു. ഈ ചെറിയ അതൃത്തിക്കുള്ളിൽ ബലാൽ വന്നുകയറുന്നതായ സംഭവങ്ങളുടെ കാരണങ്ങൾ ഈ അതൃത്തിക്കപ്പുറത്തുള്ളവയാണ്. ഊഹത്തിനും ബുദ്ധിക്കും അവിടേ എത്താൻകഴികയില്ല. എന്നാൽ അതുമാത്രവും തന്നെയല്ലഉള്ളതെന്നാണ യോഗിപറയുന്നതു്. മനസ്സിനു, ബോധാതീതാവസ്ഥയെന്നു പറയുന്നതായി ഇതിലും അധികം ഉയന്നതായ ഒരു സ്ഥാനത്തിലും ഇരിപ്പാൻ കഴിയും. സമാധി, അതായതു് പൂൎണ്ണമായ ഏകാഗ്രത അല്ലെങ്കിൽ ബോധാതീതഭാവം എന്നുപറയുന്ന ആ അവസ്ഥയെ മനസ്സു പ്രാപിക്കുമ്പോൾ അതു ഊഹത്തിന്റെ അതിരിനെ ലംഘി

ക്കയും സഹജബോധത്തിനോ ഊഹത്തിനോ ഒരിക്കലും അറിവാൻകഴിയാത്ത വസ്തുതകളോടു സമ്മുഖമായി എതിരിടുകയും ചെയ്യുന്നു. സൂക്ഷ്മമായ ശാരീരശക്തികളുടെ ഈ എല്ലാ രൂപികരണങ്ങളും, അതായതു പ്രാണന്റെ വിവിധമായ എല്ലാ പരിണാമങ്ങളും അഭ്യാസിപ്പിക്കപ്പെട്ടാൽ മനസ്സിനെ ഉണർത്തുകയും, മനസ്സുഉയൎന്ന ബോധാതീതാവസ്ഥയെ പ്രാപിക്കയും ആ സ്ഥാനത്തിൽനിന്ന് അതുവ്യാപരിക്കയുംചെയ്യുന്നതാണ്.

ഈ പ്രപഞ്ചത്തിൽ എല്ലാത്തരം ജീവിതസ്ഥാനത്തിലും അനസ്യൂതമായി വ്യാപിച്ചിരിക്കുന്ന ഒരു ഭൂതസംഘാതമുണ്ട്. ഭൌതിക വിജ്ഞാനപ്രകാരം ഈ പ്രപഞ്ചം ഏകവസ്തുവാണു. സൂൎയ്യനും നിങ്ങൾക്കുമായി യാതൊരു വ്യത്യാസവുമില്ല. മറിച്ചു പറഞ്ഞാൽ അതു കള്ളമാണെന്നേ ഭൌതികവിജ്ഞാനികൾ പറയൂ. ഈ മേശക്കും എനിക്കുമായി വാസ്തവത്തിൽ ഒരു വ്യത്യാസവുമില്ല. മേശ ഭൂതസംഘാതത്തിലെ ഒരു സ്ഥാനം, ഞാൻ മറ്റൊരുസ്ഥാനം. ഓരോ വസ്തുവും അഖണ്ഡമായ ഭൂതസമുദ്രത്തിലെ ഓരോ നീർച്ചുഴിപോലെയാകുന്നു. അവ സ്ഥിരമായി നിൽക്കുന്നവയുമല്ല. ഊക്കോടെ തള്ളിക്കയറിവരുന്ന ഒരു ജലപ്രവാഹത്തിൽ എത്രയോ കോടി നീർച്ചുഴികൾ ഉണ്ടായിരിക്കും. ഓരോ നീർച്ചുഴിയിലും ഉള്ള വെള്ളം ക്ഷണംതോറും പുത്തൻ പുത്തനായിരിക്കുന്നു. ഏതാനം നിമിഷം ചുററിച്ചുററി നിന്നിട്ടു ഉടൻ മറെറാരു സ്ഥാനത്തിലേക്കു പാഞ്ഞുപോകയും, പുതിയ ജലാവയവങ്ങൾ വന്നു കയറുകയും ചെയ്യുന്നു. അതുപോലെ ഈ പ്രപഞ്ചം മുഴുവൻ ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്ന ഒരു ഭൂതസംഘാതവും, നാം അതിലെ ചെറിയ നീർച്ചുഴികളും ആകുന്നു. ഒരു ഭൂതസംഘാതം പ്രപഞ്ചത്തിൽ കടന്നു ചുററിത്തിരിഞ്ഞു തിരിഞ്ഞു ഏതാനം സംവത്സരംകൊണ്ടു ഒരു മനുഷ്യശരീരമായി മാറുന്നു. അതിൽ നിന്നുമാറി തിരിഞ്ഞു തിരിഞ്ഞു പക്ഷേ ഒരു ജന്തുവായും, അതിൽ നിന്നും ചുററിപ്പാഞ്ഞു ഏതാനം കൊല്ലങ്ങൾകൊണ്ടു ഒരു ധാതുഖണ്ഡം ആകുന്ന മറെറാരു നീർച്ചുഴിയായും തീരുന്നു. ഇതു ഒരു എടവിടാത്ത മാററമാകുന്നു. ഒരു ശരീരവും സ്ഥിരമായിരിക്കുന്നില്ല. വാക്കിലല്ലാതെ എന്റെ ശരീരമെന്നോ നിങ്ങളുടെ ശരീരമെന്നോ പറയുന്ന ഒരു വസ്തുവുമില്ല. ഇതു ഒരു മഹാമഹത്തായ ഭൂതസംഘാതം, ഒരുസ്ഥാനം ചന്ദ്രൻ എന്നും, മറെറാന്നുസൂൎയ്യനെന്നും, വേറൊന്നു ഒരുമനുഷ്യനെന്നും, പിന്നൊന്നു ഈ ഭൂമിയെന്നും, പിന്നെയുമൊന്നു ഒരു ചെടിയെന്നും വേറെയൊന്നു ഒരു ധാതുവെന്നും വിളിക്കപ്പെടുന്നു. ഒന്നും

സ്ഥിരമായിരിക്കുന്നില്ല; ഓരോന്നും മാറിക്കൊണ്ടെയിരിക്കുന്നു. അനാദികാലംമുതൽക്കേ ഈ ഭൂതം സംഘടിച്ചു അവയവിയാകയും, വിഘടിച്ചു അവയവങ്ങളായി പിരിഞ്ഞു പോകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതുപോലെതന്നെയാണ് മനസ്സും. ഭൂതം ആകാശത്തിന്റെ രൂപാന്തരമാകുന്നു. പ്രാണന്റെ വ്യാപാരം സൂക്ഷ്മതമമായിരിക്കുമ്പോൾ ഈ ആകാശം തന്നേ സൂക്ഷ്മതരമായ വിസ്പുരണാവസ്ഥയിൽ മനസ്സായിത്തീരുന്നു. എന്നാലും അതെല്ലാം അപരിച്ഛിന്നമായ ഒരു ഭൂതസംഘാതമായും ഇരിക്കുന്നു. നിങ്ങൾക്കു കേവലം ആ സൂക്ഷ്മവിസ്പുരണത്തിൽ എത്താൻ കഴിയുമെങ്കിൽ ഈ മുഴുവൻ പ്രപഞ്ചവും ആ സൂക്ഷ്മവിസ്പുരണങ്ങളാൽ നിർമ്മിതമാണെന്നു നിങ്ങൾ കാണുകയും അറികയും ചെയ്യും. ചിലപ്പോൾ ചില ഔഷധങ്ങൾക്കു നമ്മേ ഇന്ദ്രിയങ്ങൾ വഴിയായി ആ സ്ഥാനത്തിലേക്കു എത്തിക്കുന്നപോലെ ചെയ്വാനും നമ്മിൽ ആ അവസ്ഥാന്തരത്തെ ഉണ്ടാക്കാനും കഴിയുമാറുണ്ട്. സർ ഹംഫ്രെഡേവി എന്ന പണ്ഡിതന്റെ പ്രസിദ്ധപ്പെട്ട പരീക്ഷണത്തെപ്പററി നിങ്ങളിൽ വളരേപ്പേർക്കു ഓർമ്മയുണ്ടാവാം. പ്രസംഗം ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യേ ഹാസജനകവാതകം (Laughing gas) പ്രയോഗിച്ചു തന്റേടംപോയപ്പോൾ അദ്ദേഹം നിശ്ചലനായും സ്തബ്ധനായും ഇരുന്നുപോകയും, അതിന്നുശേഷം ലോകംമുഴുവൻ അഭിപ്രായങ്ങളാൽ നിർമ്മിതമാണെന്നു അദ്ദേഹം പറകയുംചെയ്തു. അത്രയും സമയത്തേക്കു സ്ഥൂലവിസ്പുരണങ്ങൾ നിന്നുപോയപോലെ ആകകയും താൻ മനസ്സെന്നു പറയുന്നതായ സൂക്ഷ്മവിസ്പുരണങ്ങൾ മാത്രം അദ്ദേഹത്തിനു ഉണ്ടായിരിക്കയും ചെയ്തു. തനിക്കു ചുറവും സൂക്ഷ്മവിസ്പുരണങ്ങൾ മാത്രം അദ്ദേഹത്തിനുകാണാമായിരുന്നു. എല്ലാവും വിചാരമായിത്തീർന്നിരുന്നു. പ്രപഞ്ചംമുഴുവൻ ഒരു വിചാരസമുദ്രമായി, അദ്ദേഹവും മററുള്ള എല്ലാവും അതിലെവിചാര ന്മിർച്ചുഴികളായുംതീർന്നു.

ഇങ്ങിനെ ഈ വിചാരപ്രപഞ്ചത്തിൽ കൂടിയും നാം ഈ ഏകത്വത്തെ കാണുന്നു. ഒടുവിൽ ആത്മാവിനോടടുക്കുമ്പോൾ ആ ആത്മാവ് കേവലം ഏകമായിരിപ്പാനെ പാടുള്ളു എന്നും നാം അറിയുന്നു. വികാരത്തിന്നതീതമായി ഒന്നുതന്നേയുള്ളു. പ്രത്യക്ഷമായ വികാരത്തിൽ കൂടിയും കേവലം ഒരു ഏകത്വമാണുള്ളത്. പുതിയ പ്രകൃതിശാസ്ത്രങ്ങൾ നല്ലവണ്ണം ഈ വസ്തുതകളെ വെളിപ്പെടുത്തിയിരിക്കുന്നതുകൊണ്ടു അവയെ ഇനി വിസമ്മതിപ്പാൻ തരമില്ല. പ്രപഞ്ചത്തിലുള്ള ശക്തികളുടേ എല്ലാം ആകത്തുക ഏ

പ്പോഴും എവിടെയും ഒന്നുതന്നെയാണെന്നു പുതിയ ഭൌതികവിജ്ഞാനികൾ തെളിയിച്ചിരിക്കുന്നു. ഈ ശക്തിയുടെ ആകത്തുക രണ്ടു വിധത്തിൽ ഇരിക്കയാണെന്നുള്ളതും തെളിയിക്കപ്പെട്ടിരിക്കുന്നു. ഇതു ലീനവും ശാന്തവുമായി അടങ്ങുകയും പിന്നെ പലപ്രകാരമുള്ള ഈ എല്ലാ ശക്തികളുമായി വെളിപ്പെട്ടു പുറത്തുവരികയും ചെയ്യുന്നു. വീണ്ടും ഇതു ആ ശാന്താവസ്ഥയിലേക്കു മടങ്ങുകയും വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഇതു ആവിർഭവിച്ചും, തിരോഭവിച്ചും എന്നന്നേക്കും ഇങ്ങനെകൊണ്ടേ ഇരിക്കുന്നു. മേൽ പറഞ്ഞ പ്രകാരമുള്ള ഈ പ്രാണന്റെ നിയമനത്തെയാണ് പ്രാണായാമം എന്നു പറയുന്നതു്.

ശ്വാസാഭ്യാസത്തിനു ഒരു പരിശീലനം എന്നുള്ളതല്ലാതെ ഈ പ്രാണായാമത്തോടു വേറെ വലുതായ സംബന്ധമൊന്നുമില്ല. മനുഷ്യശരീരത്തിൽ ഈ പ്രാണന്റെ ഏറ്റവും സ്പഷ്ടമായ ആവിർഭാവം ശ്വാസകോശത്തിന്റെ ചലനമാകുന്നു. അതു നിന്നുപോയാൽ ശരീരം നിന്നു. ശരീരത്തിലെ ശക്തിയുടെ മറ്റെല്ലാ പരിണാമങ്ങളും ഇതു തടുക്കപ്പെട്ടാൽ ഉടനെ നിന്നു. ഈ ചലനം നിന്നുപോയാലും ജീവിച്ചിരിക്കത്തക്കവണ്ണം അഭ്യസിക്കാൻ കഴിയുന്ന ആളുകളും ഉണ്ടു്. ഏതാനും മാസങ്ങൾ മുഴുവൻ ഭൂമിയിൽ കുഴിച്ചുമൂടപ്പെട്ടിരുന്നാൽക്കൂടിയും ശ്വാസം വിടാതെ ജീവിച്ചിരിപ്പാൻ കഴിയുന്നവരായും ചിലരുണ്ടു്. എന്നാൽ സാധാരണയാളുകൾക്കൊക്കെ ഈ ശ്വാസ ചലനം തന്നെയാണ് ശരീരത്തിലെ പ്രധാനമായ സ്ഥൂല ചലനമായിരിക്കുന്നതു്. അധികം സൂക്ഷ്മമായുള്ളതിൽ എത്തുന്നതിനു നാം അതിനെക്കാൾ സ്ഥൂലമായതിന്റെ സഹായത്തെ അപേക്ഷിക്കണം. അപ്രകാരം ക്രമേണ നാം ഏറ്റവും സൂക്ഷ്മമായതിനെ ലക്ഷ്യമാക്കി ചെല്ലുകയും ഒടുവിൽ നമ്മുടെ ഉദ്ദിഷ്ടഭൂമിയിൽ എത്തുകയും വേണം. ശരീരത്തിലുള്ള എല്ലാ ചലനങ്ങളിലും വെച്ചു ഏറ്റവും സ്പഷ്ടമായിരിക്കുന്നതു ശ്വാസകോശ ചലനമാണ്. അതാണ് ശാരീരമായ മറ്റെല്ലാ ശക്തികളേയും ചലിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രഥമചക്രം. പ്രാണായാമം എന്നതിന്റെ വാസ്തവമായ അർത്ഥം ഈ ശ്വാസകോശചലനത്തിന്റെ നിയമനം എന്നാണ്. ഈ ചലനത്തിനു ശ്വാസോഛ്വാസത്തോടു സംബന്ധമുണ്ടു്. ശ്വാസോഛ്വാസംകൊണ്ടു് ഈ ചലനം ഉണ്ടാകുന്നു എന്നുവച്ചല്ല. നേരെ മറിച്ചു ഈ ചലനംകൊണ്ടാണ് ശ്വാസോഛ്വാസങ്ങൾ ഉണ്ടാകുന്നതു. ഈ ചലനം വായുവിനെ പിച്ചാംകുഴലിന്റെ ആകർഷണരീതിപോലെ ഉള്ളിലേക്കു

വലിക്കുന്നു. പ്രാണൻ ശ്വാസകോശത്തെ ചലിപ്പിക്കുന്നു. ശ്വാസകോശത്തിന്റെ ആ ചലനം വായുവിനെ ഉള്ളിലേക്കു വലിക്കയും ചെയ്യുന്നു. അതുകൊണ്ട് പ്രാണായാമം ശ്വാസാഭ്യാസമല്ല. പിന്നെയൊ ശ്വാസകോശത്തെ ചലിപ്പിക്കുന്ന മാംസലീനമായ ആ ശക്തിയുടെ നിയമനമത്രേ. ആ മാംസലീനശക്തി സിരകൾ വഴിയായി കടന്നുചെന്നു മാംസപേശികളിലേക്കും അവിടെനിന്നു ശ്വാസകോശത്തിലേക്കും എത്തി അവയെ ഒരു ക്രമം അനുസരിച്ചു ചലിപ്പിച്ചുകൊണ്ടിരിക്കുന്നു, ആ ശക്തിയാകുന്നു പ്രാണൻ. പ്രാണായാമ പരിശീലനത്തിൽ അതിനെയാണ് നമുക്കു നിയമനം ചെയ്യേണ്ടിയുള്ളതു. ഈ പ്രാണനെ നിയമനംചെയ്തുകഴിഞ്ഞാൽ ഉടനെ ശരീരത്തിലുള്ള പ്രാണന്റെ മറ്റെല്ലാ വ്യാപാരങ്ങളും ക്രമേണ നമ്മുടെ ആജ്ഞയിൻ കീഴ് വരുന്നതായി നമുക്കുകാണാം. ശരീരത്തിലെ മിക്കവാറും എല്ലാ മാംസപേശികളേയും വശംവദമാക്കിട്ടുള്ള ചിലയാളുകളെ ഞാൻ തന്നെ കണ്ടിട്ടുണ്ട്. എന്തുകൊണ്ടു പാടില്ല? ഏതാനം മാംസപേശികളെ എനിക്കു നിയന്ത്രിപ്പാൻ കഴിയുമെങ്കിൽ എന്തുകൊണ്ടു എല്ലാ മാംസപേശികളേയും, സിരകളേയും നിയന്ത്രിപ്പാൻ കഴികയില്ല? എന്തശക്യതയാണുള്ളതു? തൽക്കാലം നിയന്ത്രണം വിട്ടുപോകയും ചലനം സ്വയംസിദ്ധമായിത്തീരുകയും ചെയ്തിരിക്കുന്നു. നമുക്കു കാതുകളെ ഇഷ്ടംപോലെ ചലിപ്പിപ്പാൻ കഴികയില്ല. എന്നാൽ മൃഗങ്ങൾക്കു അതുകഴിയുമെന്നു നാം അറിയുന്നു. നമുക്കു ആ ശക്തിയില്ല. എന്തുകൊണ്ടെന്നാൽ നാം അതിനെ പരിശീലിക്കുന്നില്ല. ഇങ്ങിനെ വരുന്നതിനു പാരമ്പര്യസിദ്ധമെന്നു പറയുന്നു.

എന്നുതന്നെയല്ല, ലീനമായിരിക്കുന്ന ചലനത്തേ പ്രത്യക്ഷമാക്കിക്കൊണ്ടുവരാൻ കഴിയുമെന്നും നമുക്കറിയാം. തീവ്രമായ യത്നവും, അഭ്യാസവുംകൊണ്ടു ശരീരത്തിൽ ഏറ്റവും അന്തർല്ലീനമായി കിടക്കുന്ന ചില ചലനങ്ങളെ കൂടിയും പൂർണ്ണമായ നിയന്ത്രണത്തിൻകീഴ് കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഇങ്ങിനെ ഊഹിച്ചുനോക്കിയാൽ ശരീരത്തിന്റെ ഓരോഭാഗത്തെയും പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരുന്നതു് ഒന്നുകൊണ്ടും അശക്യമല്ലെന്നും നേരെ മറിച്ചു സംഭാവ്യമാണെന്നും നാം കാണുന്നു. യോഗി ഇതിനെ പ്രാണായാമംകൊണ്ടു സാധിക്കുന്നു. പ്രാണായാമത്തിൽ ശ്വാസത്തെ ഉള്ളിലേക്കു വലിക്കുമ്പോൾ നിങ്ങളുടെ ശരീരത്തെ മുഴുവൻ പ്രാണനെക്കൊണ്ടു പൂരിക്കണമെന്നു പക്ഷേ നിങ്ങളിൽ ചിലർ യോഗശാസ്ത്രങ്ങളിൽ വായിച്ചിരിക്കാം. ഇംഗ്ലീഷുതർജ്ജിമകളിൽ

പ്രാണൻഎന്നപദം ശ്വാസംഎന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു; അതുകൊണ്ടു നിങ്ങൾക്കു അതു എങ്ങിനേ സാധിക്കുമെന്നു സംശയംതോന്നുന്നതാണ്. അതു തൎജ്ജമക്കാരുടെ തെററാകുന്നു. ജീവശക്തിരൂപമായ പ്രാണനെക്കൊണ്ടു ശരീരത്തിന്റെ എല്ലാ ഭാഗവും പൂരിപ്പിക്കാം. അങ്ങിനെചെയ്യാൻ നിങ്ങൾക്കു എപ്പോൾ കഴിയുമൊ അപ്പോൾ നിങ്ങൾക്കു മുഴുവൻശരീരത്തെയും നിയന്ത്രിപ്പാൻ കഴിയും. ശരീരത്തിൽതോന്നുന്ന എല്ലാ ഉപദ്രവത്തെയും അസ്വാസ്ഥ്യത്തേയും പൂർണ്ണമായും നിയന്ത്രിപ്പാൻകഴിയും. അത്രമാത്രമല്ല, മററുള്ളവരുടെ ശരീരത്തെയുംകൂടി നിങ്ങൾക്കു നിയന്ത്രിപ്പാൻ കഴിയും. നല്ലതാകട്ടെ, ചീത്തയാകട്ടെ; ഈ ലോകത്തിലുള്ള എല്ലാം പകൎച്ചയുള്ളതാണ്. നിങ്ങളുടെ ശരീരത്തിൽ ഒരു വേഗം ഉണ്ടാകുമ്പോൾ ആ വേഗത്തെ മററുള്ളവരിൽ അങ്കുരിപ്പിപ്പാനുള്ള ഒരു താൽപൎയ്യംകൂടി അതിനുണ്ടാകുന്നു. നിങ്ങൾക്കു ബലവും ആരോഗ്യവുമുണ്ടെങ്കിൽ നിങ്ങളുടെ അടുത്തുതാമസിക്കുന്നവൎക്കും ബലവാന്മാരും, അരോഗികളും ആയിരിപ്പാനുള്ള ഒരു താല്പൎയ്യം ഉണ്ടാകുന്നു. എന്നാൽ നിങ്ങൾ രോഗികളും ബലഹീനന്മാരുമാണെങ്കിൽ നിങ്ങളുടെ സമീപസ്ഥന്മാൎക്കും അപ്രകാരമായിത്തീരാനുള്ള ഒരു താൽപൎയ്യം ജനിക്കുന്നതാകുന്നു. ഈ വേഗജനകമായ വിസ്ഫുരണം മറെറാരുശരീരത്തിലേക്കു നയിക്കപ്പെട്ടപോലെ ആയിത്തീരുകയാണ്. ഒരാളിന്റെ രോഗംശമിപ്പിപ്പാൻ മറെറാരാൾ ശ്രമിക്കുന്ന വിഷയത്തിൽ ഒന്നാമത്തെ അഭിപ്രായം കേവലം തന്റെ ആരോഗ്യത്തെ താൻ മററവനിൽ പകൎത്തുന്നു എന്നുള്ളതാകുന്നു. ചികിത്സയുടെപൂൎവ്വസമ്പ്രദായം ഇതാണ്. അറിഞ്ഞിട്ടൊ അറിയാതെയൊ ആരോഗ്യത്തേ പകൎത്താൻ കഴിയും. ബലിഷ്ഠനായ മനുഷ്യൻതന്നോടൊന്നിച്ചു താമസിക്കുന്ന ബലഹീനനേ പൂൎവ്വാധികം ബലവാനാക്കിത്തീൎക്കും, താൻ അതറിഞ്ഞെന്നൊ അറിഞ്ഞില്ലെന്നൊവരാം. അറിവോടുകൂടിചെയ്യുമ്പോൾ ഇതു കുറേകൂടി ശീഘ്രതരമായും ക്രിയയിൽ കുറേകൂടി ഫലവത്തായും തീരുന്നു. പിന്നെ അടുത്തതു താൻ അത്ര ആരോഗ്യശാലിയായിരിക്കുന്നില്ലെങ്കിൽകൂടിയും ഒരു മനുഷ്യനു മറെറാരുത്തനു ആരോഗ്യം നൽകുവാൻ സാധിച്ചുവരുന്നതായി നാം അറിയുന്നല്ലോ എന്നുള്ള സംഗതിയാണ്. അങ്ങിനെയുള്ള സംഗതിയിൽ ആദ്യത്തെ മനുഷ്യനു പ്രാണൻ കുറേകൂടി സ്വാധീനമായിരിക്കയും, തൽക്കാലം ഒരു പ്രത്യേക വിസ്ഫുരണക്രമത്തിലേക്കു എന്നപോലെ ഉയൎത്തികൊണ്ടു വരുന്നതിനും അതിനെ മററവനിൽ പകൎത്തുന്നതിനും സാധിക്കയും ചെയ്യുക ആകുന്നു.

ഈ സംപ്രദായം ദൂരത്തിൽ നടത്താൻ സാധിച്ചിരിക്കുന്നതായും ദൃഷ്ടാന്തങ്ങളുണ്ട്. എന്നാൽ വാസ്തവത്തിൽ ഒരു പഴുതു (ശൂന്യമായ അന്തരാളം) എന്ന അൎത്ഥത്തിൽ ദൂരം തന്നെ ഇല്ലാതാകുന്നു. ഒരുപഴുതുള്ള ദൂരം എവിടെയുണ്ടു? നിങ്ങൾക്കും സൂൎയ്യനും മദ്ധ്യേ ഏതെങ്കിലും ഒരു പഴുതുണ്ടോ? ഇതു അനുസ്യൂതമായി വ്യാപിച്ചുകിടക്കുന്ന ഒരു ഭൂതസംഘാതം, സൂൎയ്യൻ അതിന്റെ ഒരു ഭാഗം നിങ്ങൾ മറെറാരുഭാഗം. ഒരു നദിപ്രവാഹത്തിന്റെ ഒരു ഭാഗത്തിനും മറെറാരുഭാഗത്തിനും മദ്ധ്യേ ഒരു പഴുതുണ്ടോ? അപ്പോൾ എന്തുകൊണ്ടു ഏതുശക്തികളും സഞ്ചരിച്ചുകൂടാ? ഇതിനെ ഖണ്ഡിപ്പാൻ യുക്തിയില്ല. ഈ ദൃഷ്ടാന്തങ്ങൾ പൂൎണ്ണമായും വാസ്തവമത്രെ. ഈ പ്രാണനെ വളരെ ദൂരത്തിൽ സംക്രമിപ്പിച്ചുകൊണ്ടുപോവാൻ കഴിയും. എന്നാൽ ഈ ദൃഷ്ടാന്തങ്ങളിൽ ഒരു വാസ്തവസംഭവത്തിനു എത്രയോ നൂറുകണക്കു വ്യാജങ്ങളും ഉണ്ടായിരിക്കും. ഇതു വിചാരിച്ചുവരുംവണ്ണം അത്ര എളുപ്പമായ സംഗതിയല്ല. ഈ ചികിത്സയുടെ ഏററവും സാധാരണമായ ദൃഷ്ടാന്തങ്ങളിൽ തന്നെ ചികിത്സകന്മാർ കേവലം മനുഷ്യശരീരത്തിന്റെ സ്വാഭാവികമായ ആരോഗ്യാവസ്ഥയെ ഉപായമായി പിടിച്ചുകൊള്ളുമാറുണ്ടെന്നു നിങ്ങൾക്കുകാണാം. പിടിപെട്ടവരിൽ ഭൂരിഭാഗത്തേയും കൊല്ലുന്നതായ രോഗം ലോകത്തില്ല. സാംക്രാമികമായ വിഷൂചികയിൽ തന്നെ ഏതാനും ദിവസത്തേക്കു നൂററിനു അറുപതുകണ്ടു മരിക്കുന്നു എങ്കിൽ, അതുകഴിഞ്ഞു മരണത്തിന്റെ നിരക്കു കുറഞ്ഞുകുറഞ്ഞു നൂററിനു മുപ്പതും ഇരുപതും ആയിത്തീരുകയും ശേഷം രക്ഷപ്പെടുകയും ചെയ്യുന്നു. ഒരു അല്ലോപ്പാത്തി ഡാക്ടർ (Allopath) വന്നു വിഷൂചികാപീഡിതനെ ചികിത്സിക്കയും തന്റെ ഔഷധങ്ങൾ കൊടുക്കയും ചെയ്യുന്നു. ഹോമിയോപ്പാത്തി ഡാക്ടർ (Homeopath) വന്നു അയാളുടെയും മരുന്നു കൊടുക്കുന്നു. അയാൾ പക്ഷേ അധികം പേരെ സുഖപ്പെടുത്തിയെന്നുവരാം. എന്തുകൊണ്ടെന്നാൽ അയാൾ രോഗികളെ ഉപദ്രവിക്കുന്നില്ല. പ്രകൃതിയെത്തന്നെ അവരിൽ വ്യാപരിച്ചുകൊള്ളാൻ അനുവദിക്കുന്നു. വിശ്വാസചികിത്സകൻ ഇതിലും അധികം പേരെ സുഖപ്പെടുത്തും, കാരണം, അയാൾ തന്റെ മനശ്ശക്തിയെ ഏകാഗ്രീകരിച്ചു കൊണ്ടുവന്നു വിശ്വാസംവഴിയായി രോഗിയുടെ മങ്ങിക്കിടക്കുന്ന പ്രാണനെ ഉജ്ജീവിപ്പിക്കയാകുന്നു.

എന്നാൽ ആൾക്കൂട്ടക്കു നിരന്തരമായി ഒരു ബലം പററാറുണ്ട്. സാക്ഷാൽ വിശ്വാസം തന്നെയാണ് ഒരുത്തന്റെ രോഗത്തെ ശമി

പ്പിക്കുന്നതെന്നു അവർവിചാരിക്കുന്നു. അതുമാത്രംകൊണ്ടു എല്ലാ സ്ഥലത്തും പറയുന്നില്ല. ചിലരോഗങ്ങളുണ്ടു്; അവയുടെഅന്ത്യലക്ഷണങ്ങളിൽ ഏററവുംഭയങ്കരമായിട്ടുള്ളതു് രോഗിക്കുരോഗം തനിക്കുണ്ടെന്നു ഒരിക്കലുംവിചാരിക്കാത്തതാണു്. ഈഅഭേദ്യമായ വിശ്വാസം തന്നെയാണു അതിന്റെലക്ഷണവും. അതുസാധാരണഅവൻ വേഗത്തിൽ മരിച്ചുപോകുമെന്നുള്ളതിനെ സൂചിപ്പിക്കുന്നു. ഇങ്ങിനെയുള്ള ദിക്കുകളിൽ വിശ്വാസമാണു് രോഗത്തെ ശമിപ്പിക്കുന്നതെന്നുള്ള തത്വം യോജിക്കുന്നില്ല. മേൽപറഞ്ഞഎല്ലാ സംഗതികളിലും വിശ്വാസമാണു രോഗത്തെ ശമിപ്പിച്ചതെങ്കിൽ ഇതരരോഗികളുടെയും രോഗംശമിക്കേണ്ടിയിരിക്കുന്നു. വാസ്തവമായശമനം വരുന്നതു ഈപ്രാണൻവഴിയാണു്. ഈപ്രാണനെ സ്വാധീനമാക്കീട്ടുള്ള പരിശുദ്ധനായ പുരുഷൻ അതിനെ മററുള്ളവരിൽ നയിക്കത്തക്കവണ്ണമുള്ള ഒരുവിസ്പുരണാവസ്ഥയിൽ കൊണ്ടുവരികയും, അവരിലുംഅപ്രകാരംതന്നെയുള്ള വിസ്പുരണത്തെ ഉൽപാദിപ്പിക്കുകയുംചെയ്യുന്നതിനുള്ള ശക്തിയുണ്ടു്. ദിവസംപ്രതിയുള്ള പ്രവൃത്തികളിൽനിങ്ങൾ അതിനെകാണുന്നു. ഞാൻനിങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്തുചെയ്യാനാണു് ഞാൻ ശ്രമിക്കുന്നതു്? എന്റെമനസ്സിനെഞാൻഒരു പ്രത്യേകവിസ്പുരണാവസ്ഥയിലേക്കു കൊണ്ടുവരികയാണെന്നു തന്നെപറയാം. ആ അവസ്ഥയിൽ അതിനെ കൊണ്ടുവരാൻ എനിക്കു എത്രയധികംസാധിക്കുമോ അത്രഅധികം ഞാൻ പറയുന്നതു നിങ്ങളിൽ ഫലിക്കുന്നതാണു്. നിങ്ങൾക്കെല്ലാവർക്കുമറിയാമല്ലോ, ഞാൻ അധികം ഉത്സാഹത്തോടുകൂടി പ്രസംഗിക്കുന്നദിവസം പ്രസംഗം നിങ്ങൾക്കു അധികംരുചിക്കയും, എന്റെഉത്സാഹാതിശയം കുറയുമ്പോൾ നിങ്ങൾക്കുരസക്കുറവു തോന്നുകയും ചെയ്യുന്നില്ലയോ?

ലോകത്തിന്റെ അതിമഹത്തായ മനശ്ശക്തികൾ മൂർത്തീഭവിച്ചു ലോക പ്രേരകന്മാരായ മഹാന്മാർക്കു അവരുടെ പ്രാണനെ ഒരു ഉയന്ന വിസ്പുരണാവസ്ഥയിൽ കൊണ്ടുവരാൻകഴിയും. അതു ഒരു ക്ഷണത്തിൽ മററുള്ളവരെ ബാധിക്കും. അനേകായിരം പേർ അവരാൽ ആകർഷിക്കപ്പെടുകയും, ലോകത്തുള്ള ഒന്നുപാതിജനങ്ങളും അവർ വിചാരിക്കുന്നപോലെ വിചാരിക്കയുംചെയ്യും. അതിനു ആത്മമാഹാത്മ്യവും ശക്തിയുമുണ്ടു്. ലോകത്തിലേ മഹാന്മാരായ ദീർഘദർശികൾക്കു ഏററവും അത്ഭുതകരമായ പ്രാണനിയമനം സിദ്ധിച്ചിരുന്നു; അതവർക്കു ഗംഭീരമായ മനശ്ശക്തിയെനൽകി, അവർ തങ്ങളുടെപ്രാണനെ അത്യന്തം ഉയന്നനിലയിലുള്ള ചലനാവസ്ഥയി

ൽ എത്തിച്ചു. അതാണ് അവൎക്ക ലോകത്തെ ഭരിപ്പാനുള്ള ശക്തിയെ നൽകിയത്. ഈ നിയമനത്തിൽനിന്നാണ് എല്ലാ സിദ്ധികളും ഉണ്ടാകുന്നത്. മനുഷ്യൎക്ക് ആ രഹസ്യം അറിഞ്ഞുകൂടാ എന്നുവരാം. എന്നാൽ ഇതൊന്നേ കാരണമായിരിക്കുന്നുള്ളു താനും. നിങ്ങളുടേ സ്വന്ത ശരീരത്തിൽ തന്നെ ചിലപ്പോൾ പ്രാണന്റെ സംഭാരം ഒരുഭാഗത്തു അധികമായോ ന്യൂനമായോ ആകൎഷിക്കപ്പെടുന്നു. അപ്പോൾ സമത തെററുന്നു. എപ്പോഴ പ്രാണന്റേ സമത തെററിയോ അപ്പോൾ നാം രോഗമെന്നു പറയുന്നതായ അവസ്ഥ അതിൽനിന്നുസംഭവിക്കുന്നു. അധികപ്പെട്ട പ്രാണനെ എടുത്തുകളകയോ കുറവുള്ള പ്രാണനേ സംഭരിച്ചുകൊടുക്കുകയോ ചെയ്യുന്നതാണ് രോഗത്തേ ശമിപ്പിക്കുക എന്നുള്ളത്. പിന്നെയും ശരീരത്തിന്റേ ഒരുഭാഗത്തിൽ പ്രാണൻ വേണ്ടതിൽ അധികമായോ കുറവായോ ഇരിക്കുമ്പോൾ അതിനെ അറിയുന്നതും പ്രാണായാമം തന്നെ. ഗ്രഹണങ്ങൾ വളരേ സൂക്ഷ്മങ്ങളായിത്തീരും; അതുകൊണ്ടു കാലിന്റെ പെരുവിരലിലോ മററുവിരലിലോ വേണ്ടതിൽ കുറവായേ പ്രാണനുള്ളുവെങ്കിൽ അതിനേ മനസ്സു ഗ്രഹിക്കും; അതിനേ സംഭരിച്ചുകൊടുപ്പാനുള്ള ശക്തിയും അതിനുണ്ടായിരിക്കും. ഇവ പ്രാണായാമത്തിന്റെ വിവിധകൃത്യങ്ങളിൽ ചിലതാകുന്നു. അവയേ സാവധാനമായും ക്രമമായും അഭ്യസിക്കണം. വാസ്തവത്തിൽ രാജയോഗത്തിന്റേ മുഴുവൻ നോട്ടവും പ്രാണനേ അതിന്റേ നാനാപ്രകാരമുള്ള സ്ഥാനങ്ങളിലെല്ലാം നയിക്കയും നിയമനം ചെയ്യുകയും ചെയ്യാൻ പഠിപ്പിക്കുന്നതാണെന്നുള്ളതു നിങ്ങൾ കാണുന്നുണ്ടല്ലോ. ഒരുത്തൻ തന്റെ ജീവശക്തികളേ ഏകാഗ്രപ്പെടുത്തിയിരിക്കുന്നു എങ്കിൽ അവൻ തന്റേ ശരീരത്തിലുള്ള പ്രാണനെ വശമാക്കുന്നു. ഒരുത്തൻ ധ്യാനിക്കുമ്പോൾ അവൻ തന്റെ പ്രാണനെ ഏകാഗ്രപ്പെടുത്തുകയും ആകുന്നു.

ഒരു മഹാസമുദ്രത്തിൽ പൎവ്വതം പോലെ വമ്പിച്ച തിരമാലകളും അതിൽ ചെറിയതും അതിലും ചെറിയതുമായ അലകളും അവസാനം നീൎപ്പോളകൾ വരേയും ഉണ്ടു. എന്നാൽ ഇവയ്ക്കെല്ലാം ആധാരമായിരിക്കുന്നതു ആ അപാരമായ സമുദ്രം തന്നെ. നീൎപ്പോള ആ അപാര മഹാസമുദ്രത്തിന്റെ ഒരററത്തും വമ്പിച്ച തിരമാല മറേറ അററത്തും സംബന്ധിച്ചിരിക്കുന്നു. അതുപോലെ ഒരുത്തൻ ഒരു കെങ്കേമനായ മനുഷ്യനും മറെറാരുത്തൻ ഒരു നീൎപ്പോള പോലെ നിസ്സാരനും ആയിരിക്കാം. എന്നാൽ ഓരോരുത്തനും ആ അപാരമായ ശക്തി സമുദ്രത്തോടു സംബന്ധിച്ചിരിക്കയാണ്. അതു ജീവി

ച്ചിരിക്കുന്ന എല്ലാ പ്രാണികൾക്കും ഒന്നുപോലെയുള്ള ജന്മാവകാശവുമാകുന്നു. എവിടെ എങ്കിലും ഒരു ജീവിതമുണ്ടെങ്കിലു അഖണ്ഡശക്തിയുടെ സംഭാരശാല അതിനടിയിൽ ഉണ്ടു്. ഒരു പൂറ്റിൽ (പൊടിക്കുഴിയിൽ) അല്ലെങ്കിൽ ഭൂതക്കണ്ണാടികൊണ്ടു നോക്കിയറിയത്തക്ക അതികൃശമായ ഒരു നീർപ്പോളയിൽനിന്നു പുറപ്പെട്ടു അതുമുതൽ ആ അപരിച്ഛിന്നമായ സംഭാരശാലയിൽനിന്നു ജീവശക്തിയെ ആകർഷിച്ചുകൊണ്ടു മന്ദമന്ദമായി ശരീരംമാറി കാലംകൊണ്ടു ഒരു ചെടിയായും, പിന്നെ ഒരു ജന്തുവായും അനന്തരം മനുഷ്യനായും അവസാനം ഈശ്വരനായും തീരുന്നു. ഇതു എത്രയോ കോടി പുരുഷാന്തരങ്ങൾകൊണ്ടു സാധിക്കുന്നതാകുന്നു. എന്നാൽ കാലം എന്നുവച്ചാൽ എന്തൊന്നാണു്? അധികമായ വേഗത്തിനും, അധികമായ ശ്രമത്തിനും കാലത്തിന്റെ ദൈർഘ്യത്തെ ലഘൂകരിപ്പാൻ കഴിയും. സ്വഭാവേനയായാൽ ദീർഘകാലംകൊണ്ടു സാധിക്കാവുന്നതായ സംഗതിയെ യത്നത്തിന്റെ തീവ്രതകൊണ്ടു വേഗത്തിൽ സാധിക്കാമെന്നു യോഗി പറയുന്നു. ഒരു മനുഷ്യൻ പ്രപഞ്ചത്തിലുള്ള അഖണ്ഡമായ സംഘാതത്തിൽനിന്നു ജീവശക്തിയെ ഉള്ളിലേക്കു ആകർഷിച്ചുകൊണ്ടു മന്ദമായി കയറി വരാം! അവനു പറക്കുന്ന ഒരു ദേവനാകണമെങ്കിൽ ഒരു ലക്ഷം വർഷവും. പിന്നെയും അതിനേക്കാൾ ഉയർന്ന സ്ഥാനത്തേക്കു ഒരു അഞ്ചുലക്ഷം വർഷവും, പൂർണ്ണനാകുന്നതിനു പക്ഷേ അമ്പതുലക്ഷം വർഷവും വേണ്ടിവന്നു എന്നുവരാം. വളർച്ചയെ ശീഘ്രമാക്കിയാൽ സമയത്തെക്കുറക്കാം. എന്തുകൊണ്ടു് ഈ പൂർണ്ണാവസ്ഥയെത്തന്നെ ആറുമാസംകൊണ്ടോ ആറു വർഷംകൊണ്ടോ പ്രാപിക്കുന്നതു ശക്യമല്ല? ക്ലിപ്തമായ അവധിയില്ല. ഊഹിച്ചാൽ അങ്ങിനെയാണ് കാണുന്നതു്. ഒരു ആവിയന്ത്രം ഏതാനും കൽക്കരികൊണ്ടു ഒരു മണിക്കൂറിൽ രണ്ടു മയിൽ ഓടുന്നു എങ്കിൽ അധികം കൽക്കരിയിട്ടുക അതിനേക്കാൾ വേഗത്തിൽ അതോടിയെത്തും. അതുപോലെ ആത്മാവും അതിന്റെ യത്നത്തെ തീവ്രമാക്കിയാൽ ആ ലക്ഷ്യത്തെ ഈ ജീവിതത്തിൽ തന്നെ എന്തുകൊണ്ടു പ്രാപിക്കയില്ല. എല്ലാ ജീവികളും ഒടുവിൽ ആ പൂർണ്ണാവസ്ഥയെ പ്രാപിക്കുമെന്നു നമുക്കറിയാമല്ലോ. പിന്നെ ഈ അനേകകോടി പുരുഷാന്തരങ്ങൾവരെ കാത്തിരിപ്പാൻ ആരു കരുതും? എന്തുകൊണ്ടതിനെ ഈ ശരീരത്തിൽ, ഈ മനുഷ്യരൂപത്തിൽ ഇരുന്നുകൊണ്ടുതന്നെ ഉടനേ പ്രാപിച്ചുകൂടാ? എന്തുകൊണ്ടു നമുക്കു ആ അഖണ്ഡമായ ജ്ഞാനവും, അഖണ്ഡമായ ശക്തിയും ഇപ്പോൾത്തന്നെ ലഭിക്കയില്ല?

ഇതാണ് യോഗിയുടെ നോട്ടം. യോഗശാസ്ത്രം മുഴുവൻ ഈ ഒരു അവധിയെ നോക്കിയാണ് പുറപ്പെട്ടിരിക്കുന്നതു. അല്പമന്ദമായികയറിച്ചെന്ന് ഓരോരോ സ്ഥാനം കടന്ന മനുഷ്യവർഗ്ഗം മുഴുവൻ വെളിയിൽവന്നു പൂർണ്ണാവസ്ഥയെ പ്രാപിക്കുന്നതുവരെ കാത്തിരിക്കുന്നതിനുപകരം ശക്തിയെ അധികപ്പെടുത്തി എങ്ങിനെ സമയത്തെച്ചുരുക്കാമെന്നും, സ്വരൂപീകരണശക്തിയെ എങ്ങിനെ തീവ്രമാക്കിച്ചെയ്യാമെന്നും, അതുകൊണ്ടു പൂർണ്ണതയെ പ്രാപിക്കുന്നതിനുള്ള കാലത്തെ എങ്ങിനെ ക്രശീകരിക്കാമെന്നും പഠിപ്പിക്കുകയാകുന്നു. ലോകത്തിലെ മഹാത്മാക്കളായ ദീർഘദർശികളും തപസ്വികളും ഋഷിമാരും എല്ലാം എങ്ങിനെയുള്ളവരാണ്? തങ്ങൾ ജീവിച്ച പരിമിതമായ ഒരു ജീവിതകാലംകൊണ്ടു അവർ മനുഷ്യസന്തതിയുടെ മുഴുവൻ ജീവിതകാലമത്രയുമുള്ള ജീവിതം ജീവിച്ചു. സാധാരണമനുഷ്യവർഗ്ഗത്തിനു പൂർണ്ണതയെ പ്രാപിപ്പാനുള്ള കാലത്തിന്റെ മുഴുവൻ ദൈർഘ്യത്തേയും ചുരുക്കിക്കളഞ്ഞു. ഈ ജീവിതത്തിൽതന്നെ അവർ അവരെ പൂർണ്ണന്മാർ(മുക്തന്മാർ) ആക്കുന്നു. അവർക്കു മറ്റൊന്നിനെക്കുറിച്ചും ചിന്തയില്ല. ഒന്നിനെയും ആശിക്കുന്നില്ല. ഒരു ക്ഷണം വേറൊരുദ്ദേശത്തിനുവേണ്ടി അവർ ജീവിക്കുന്നില്ല, അതുകൊണ്ടു അവരുടെ വഴിയുടെ ദൂരം ചുരുങ്ങിപ്പോകുന്നു. പ്രവൃത്തിയെ അതായതു് സ്വരൂപീകരണത്തെ തീവ്രമാക്കി അതുകൊണ്ടു സമയത്തെ ചുരുക്കുന്നതിനാണ് ഏകാഗ്രത എന്നു പറയുന്നതു്. നമുക്ക ഏകാഗ്രതാസിദ്ധിയെ സമ്പാദിപ്പാനുള്ള ഉപായത്തെ ഉപദേശിക്കുന്ന ശാസ്ത്രം രാജയോഗവുമാണ്.

പരേതവിശ്വാസത്തോടു ഈ പ്രാണായാമത്തിനു എന്തു സംബന്ധമുണ്ട്? അതും പ്രാണായാമത്തിന്റെ ഒരു പരിണാമമത്രെ. "പരേതന്മാരായ ആത്മാക്കൾ ഉണ്ടു്; നമുക്ക അവരെ കാണ്മാൻ കഴികയില്ലെന്നുമാത്രമേയുള്ളു" എന്നുള്ളതു ശരിയാണെങ്കിൽ നമുക്കു കാണുകയോ, അറികയോ, തൊടുകയോ ചെയ്വാൻപാടില്ലാത്തവരും എത്രയോ നൂറോ കോടിയോ ആത്മാക്കൾ ഇവിടെ ജീവിക്കുന്നുണ്ടെന്നുള്ളതു് നിശ്ചയമായും സംഭാവ്യമാണ്. നാം അവരുടെ ശരീരങ്ങളിൽകൂടി അങ്ങോട്ടുമിങ്ങോട്ടും നിരന്തരമായി ഗതാഗതം ചെയ്യുന്നുണ്ടാവാം. നമ്മെ അവർ കാണുകയും, അറികയും ചെയ്യുന്നില്ലെന്നുള്ളതും സംഭാവ്യമായിവരാം. ഇതു ഒരു വൃത്തരേഖയ്ക്കുള്ളിൽ ഒരു വൃത്തരേഖ— അതായതു പ്രപഞ്ചത്തിനുള്ളിൽ പ്രപഞ്ചം ആയിരിക്കുന്നു. ഒരേ നിലയിൽ ഉള്ളവർമാത്രം അങ്ങോട്ടുമിങ്ങോട്ടും കാണുന്നു. നമുക്കഞ്ചിന്ദ്രിയങ്ങൾ ഉണ്ടു്. നാം പ്രാണ

ന്റെ ഒരു പ്രത്യേകവിസ്ഫുരണാവസ്ഥയുടെ സന്തതികളാണ്. ഒരേ വിസ്ഫുരണാവസ്ഥയിലുള്ള ആത്മാക്കൾ എല്ലാം അന്യോന്യം കാണും. എന്നാൽ പ്രാണന്റെ അതിനേക്കാൾ ഉയർന്നതരം വിസ്ഫുരണാവസ്ഥയുടെ ഫലങ്ങളായ ആത്മാക്കൾ ഉണ്ടെങ്കിൽ അവർ ദൃഷ്ടിക്കു വിഷയമാകുന്നതല്ല. പ്രകാശത്തിന്റെ തീവ്രതയെ നമുക്കു തീരെ പ്രകാശം കാണാതാകത്തക്ക സ്ഥിതിവരെ അധികപ്പെടുത്താൻകഴിയും. എന്നാൽ അങ്ങിനെയുള്ള പ്രകാശത്തെ കാണുന്നതിനു വേണ്ടുന്ന ശക്തിമത്തായ കണ്ണുകളുള്ള ജീവികളും ഉണ്ടാവാം. കൂടാതെയും വിസ്ഫുരണങ്ങൾ വളരെ മന്ദമായിരിക്കുമ്പോൾ നാം പ്രകാശത്തെ കാണുന്നില്ല. എന്നാൽ പൂച്ച മൂങ്ങ മുതലായ ജന്തുക്കൾ കാണുന്നു. നമ്മുടെ ദർശനത്തിന്റെ വ്യാപ്തിസീമ ഈ പ്രാണവിസ്ഫുരണങ്ങളുടെ ഒരു സ്ഥാനംമാത്രമേ ആകുന്നുള്ളു. ഈ വായുമണ്ഡലത്തെത്തന്നെ ദൃഷ്ടാന്തമായെടുക്കുക. ഇതു ഒന്നിനൊന്നു മേൽമേൽ അടുക്കടുക്കായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഭൂമിയോടു ഏറ്റം അടുത്തുള്ള അടുക്കു അതിനു മുകളിലുള്ളതിനെ അപേക്ഷിച്ചു അധികം ഞെരുക്കമുള്ളതായിരിക്കുന്നു. മേല്പോട്ടുമേല്പോട്ടുപോകുന്തോറും, വായുമണ്ഡലം അധികമധികം സൂക്ഷ്മസൂക്ഷ്മമായിത്തീരുകയും ചെയ്യുന്നു. അല്ലെങ്കിൽ സമുദ്രത്തെ ദൃഷ്ടാന്തമായെടുക്കുക. അടിയിലടിയിൽപോകുന്തോറും വെള്ളത്തിന്റെ ഞെരുക്കം വർദ്ധിക്കുന്നു. സമുദ്രത്തിന്റെഅടിയിൽ ജീവിക്കുന്ന ജന്തുക്കൾക്കു ഒരിക്കലും മുകളിൽവരാൻ കഴിയുന്നില്ല. വരികയാണെങ്കിൽ അവ ശകലങ്ങളായി നുറുങ്ങിപ്പോകും.

മുഴുവൻബ്രഹ്മാണ്ഡവും, പ്രാണന്റെ വ്യാപാരത്താൽ വിസ്ഫുരിച്ചുകൊണ്ടിരിക്കുന്ന ആകാശമയമായ സമുദ്രമാണെന്നും, അതു വിവിധമാത്രയിലുള്ള വിസ്ഫുരണങ്ങളോടുകൂടിയ അടുക്കുകളാൽ ഒന്നിനുശേഷം ഒന്നായി ഘടിപ്പിക്കപ്പെട്ടിരിക്കയാണെന്നും വിചാരിക്കുക. അധികംപുറത്തുള്ള അടുക്കുകളിൽ വിസ്ഫുരണം അധികം കുറഞ്ഞിരിക്കും. മദ്ധ്യത്തോടു അധികമധികം അടുക്കുന്തോറും വിസ്ഫുരണം അധികമധികം വേഗമുള്ളതായുമിരിക്കും .. വിസ്ഫുരണത്തിന്റെ ഓരോവ്യാപ്തിസീമ ഓരോഭൂമി ആകുന്നു. എല്ലാംകൂടി ഒരു വൃത്തരേഖയാണെന്നു വിചാരിക്കാം. അതിന്റെമദ്ധ്യം പൂർണ്ണതയാണ്. മദ്ധ്യത്തിൽനിന്നു എത്രഅകന്നു പോകുന്നുവോ വിസ്ഫുരണങ്ങൾ അത്രമന്ദമായിത്തീരുന്നു. ഭൂതങ്ങൾ എല്ലാറ്റിനും പുറമേയുള്ള തോടാണ്. അതിനുള്ളിൽമനസ്സും മദ്ധ്യം ആത്മാവുമാകുന്നു. ഇനി ദർശനത്തിന്റെ വ്യാപ്തിസീമകൾ ഓരോ ഭൂമികളായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നുവിചാരിക്കുക, എ

ത്രയോകോടി മയിൽപര്യന്തം ഒരുതരം വിസ്ഫുരണം; പിന്നെയും എത്രയോകോടി മയിൽ പര്യന്തം അതിനേക്കാൾ ഉയർന്നതരം വിസ്ഫുരണം; ഇങ്ങനെ മേല്പോട്ടു പോകുന്നു. അപ്പോൾ ഒരുതരം വിസ്ഫുരണത്തിന്റെ ഭൂമിയിൽ ജീവിക്കുന്നവർക്കു തങ്ങളിൽ കണ്ടറിയുന്നതിനുള്ള ശക്തിയുണ്ടാകുമെന്നും എന്നാൽ ആ ഭൂമിക്കുമുകളിലോ താഴെയോ ഉള്ളവയെ അവർ കണ്ടറികയില്ലെന്നും ഉള്ളതു പൂർത്തിയായും സമ്മതിക്കത്തക്കതാകുന്നു. എന്നാലും ദൂരക്കണ്ണാടിയും ഭൂതക്കണ്ണാടിയുംകൊണ്ടു നമ്മുടെ ദർശനവ്യാപ്തിയെ നമുക്കു വർദ്ധിപ്പിക്കയും, അധികം ഉയർന്നതോ താണതോ ആയ വിസ്ഫുരണങ്ങളെ വിഷയീകരിക്കയും ചെയ്യാവുന്നതുപോലെ ഓരോ മനുഷ്യനും അടുത്ത ഭൂമിയിലുള്ള വിസ്ഫുരണത്തിന്റെ സ്ഥിതിയെ തന്നത്താൻ പ്രാപിക്കയും അതുകൊണ്ടു അവിടെ നടക്കുന്ന വസ്തുതകളെ കണ്ടറികയും ചെയ്‌വാൻ കഴിയുന്നതാകുന്നു. ഈ മുറിമുഴുവൻ നമുക്കു കാണാൻ കഴിയാത്ത ജീവികളെക്കൊണ്ടു നിറഞ്ഞിരിക്കയാണെന്നു വെച്ചുകൊള്ളുക. അവർ പ്രാണന്റെ ഒരുതരം വിസ്ഫുരണങ്ങളെയും നാം മറ്റൊരുതരം വിസ്ഫുരണത്തേയും വഹിക്കുന്നു. അവർ ശീഘ്രമായും, നാം മന്ദമായുമുള്ള വിസ്ഫുരണങ്ങളെ വഹിക്കുന്നു എന്നിരിക്കട്ടെ. പ്രാണനാകുന്ന ഉപാദാനവസ്തുവിനാലാണ് അവർ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് നാമും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. എല്ലാം പ്രാണസമുദ്രത്തിന്റെ ഓരോ ഭാഗങ്ങളാകുന്നു. വിസ്ഫുരണത്തിന്റെ മാത്രകളിലുള്ള ഭേദമേയുള്ളു. എനിക്കു തന്നെത്താൻ ശീഘ്രതരമായ വിസ്ഫുരണാവസ്ഥയെ പ്രാപിപ്പാൻ, കഴിയുമെങ്കിൽ ഉടനെ എനിക്കു ഈ ഭൂമി മാറിപ്പോകും. ഞാൻ പിന്നെ ഒരിക്കലും നിങ്ങളെ കാണുകയില്ല. നിങ്ങൾ മറഞ്ഞുപോകുന്നു. ആ ഭൂമിയിലുള്ളവർ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇതു ശരിയാണെന്നു പക്ഷേ നിങ്ങളിൽ ചിലർക്കു അറിയാമായിരിക്കാം. മനസ്സിനെ ഒരു ഉയർന്നതരം വിസ്ഫുരണാവസ്ഥയിൽ നയിക്കുന്ന ഈ എല്ലാം ക്രിയ യോഗശാസ്ത്രത്തിൽ "സമാധി" എന്ന ഒറ്റവാക്കിൽ അന്തർഭവിക്കുന്നു. ഉയർന്നതരമായ ഈ എല്ലാ വിസ്ഫുരണങ്ങളും, അതായതു മനസ്സിന്റെ ബോധാതീത ദശയിലുള്ള എല്ലാ വിസ്ഫുരണങ്ങളും കൂടി സമാധി എന്ന ആ ഒരു വാക്കിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. താഴ്ന്നതരം സമാധി നമുക്കു മേല്പറഞ്ഞ ആത്മാക്കളുടെ ദർശനത്തെ നൽകുകയും ചെയ്യുന്നു. എപ്പോൾ നാം സാക്ഷാൽ പരമാർത്ഥവസ്തുവിനെ കാണുന്നുവോ എപ്പോൾ നാം നാനാസ്ഥിതിഭേദങ്ങളോടുകൂടിയ ഈ ആത്മാക്കളുടെ എല്ലാം ഉപാദാനമായ ആ പദാർത്ഥത്തെ കാണുന്നുവോ അപ്പോളാണ് ഏറ്റവും ഉയ

ന്നതായ സമാധി. ആ മൂൽപിണ്ഡത്തെ അറിഞ്ഞാൽ ബ്രഹ്മാണ്ഡത്തിലുള്ള എല്ലാമൂർത്തികളേയും നാം അറിഞ്ഞു.

ഇപ്രകാരം ഈ പ്രാണായാമത്തിൽ പരേതവിശ്വാസത്തിലേയും വാസ്തവമായുള്ള ഭാഗം എല്ലാം അടങ്ങുന്നു എന്നു നാം കാണുന്നു. ഇതുപോലെതന്നെ ജനങ്ങളുടെ ഒരു സമുദായമോ സംഘമോ ഗൂഢമായോ രഹസ്യമായോ മറയ്ക്കപ്പെട്ടതായൊ ഉള്ള ഏതിനെഎങ്കിലും ആരാഞ്ഞറിവാൻ ശ്രമിക്കയാണെങ്കിൽ നിശ്ചയമായും അതു് ഈ യോഗമാണു്. പ്രാണനെ നിയമനംചെയ്വാനുള്ള ഈ ഉദ്യമമാണു്. എവിടെഎങ്കിലും ശക്തിയുടെ ഒരു അസാധാരണമായ വിലാസംകണ്ടാൽ അതു് ഈ പ്രാണന്റെ ആവിർഭാവമാണെന്നു നിങ്ങൾക്കു കാണാറാവും. ഭൗതികവിജ്ഞാനങ്ങളെപ്പോലും പ്രാണായാമത്തിൽ അന്തർഭവിപ്പിക്കാം. ആവിയന്ത്രത്തെ ചലിപ്പിക്കുന്നതെന്താണു്? ആവിയിൽകൂടി വ്യാപരിക്കുന്ന പ്രാണനത്രെ. വിദ്യുച്ഛക്തിയാദിയായ ഭാവങ്ങൾ എല്ലാം പ്രാണനല്ലാതെ മറ്റെന്താണു്? ബാഹ്യോപായങ്ങളെക്കൊണ്ടുള്ള പ്രാണായാമംതന്നെ. പ്രാണന്റെ ഭൗതികമായ പരിണാമങ്ങളെ ഭൗതികമായ ഉപായങ്ങളേക്കൊണ്ടു നിയമനംചെയ്വാൻ ശ്രമിക്കുന്ന പ്രാണായാമത്തിന്റെ ആ ഭാഗത്തിനു ഭൗതികവിജ്ഞാനമെന്നും, പ്രാണന്റെ മാനസശക്തികളായ പരിണാമങ്ങളേ മാനസികമായ ഉപായങ്ങളെക്കൊണ്ടു നിയമനംചെയ്വാൻ ശ്രമിക്കുന്നഭാഗത്തിനു രാജയോഗമെന്നും പറയുന്നു.

---

## അദ്ധ്യായം ൪.

---

### അദ്ധ്യാത്മപ്രാണൻ.

---

യോഗികളുടെ മതപ്രകാരം തണ്ടെല്ലിൽ "ഇഡ"യെന്നും "പിംഗല"യെന്നും പേരായി രണ്ടു സിരാധാരകളും തണ്ടെല്ലിന്റെ മദ്ധ്യഗതമായ സിരാപാശത്തിലൂടേ കിടക്കുന്നതായി "സുഷുമ്ന" എന്നുപേരായ ഒരു ശൂന്യമായപ്രണാളിയുമുണ്ടു്. ആ പ്രണാളിയുടേ അടിയിലത്തേ അറ്റത്തിനാണു് യോഗികൾ "കുണ്ഡലിനീപത്മം,, എന്നുപറയുന്നതു്. അതു ആകൃതിയിൽ ത്രികോണമാണെന്നു അവർ വർണ്ണിക്കുന്നു. അതിൽ യോഗികളുടെ അദ്ധ്യവസായ ഭാഷയിൽ കുണ്ഡലിനി (ചുറ്റിക്കിടക്കുന്ന) എന്നുപറയുന്ന ഒരുശക്തിയുണ്ടു്. ആ കുണ്ഡ

ലിനി ഉണരുമ്പോൾ ഈ ശൂന്യമായ പ്രണാളിയിൽക്കൂടി ബലാൽക്കടന്നുപോവാൻ ശ്രമിക്കുകയും, പടിപടിയായി എന്നപോലെ മേല്പോട്ടേക്കു കടന്നുചെല്ലുകയും, അപ്പോൾ മനസ്സിന്റെ അടുക്കുകൾ ഒരോന്നോരോന്നായി തുറക്കപ്പെടുകയും പലവിധത്തിലുള്ള ഈ എല്ലാ ദർശനങ്ങളും അത്ഭുതകരങ്ങളായ സിദ്ധികളും യോഗിക്കുവരികയും ചെയ്യുന്നു. അതു തലച്ചോററിൽ എത്തുമ്പോൾ യോഗിക്കു ശരീരത്തോടും മനസ്സോടുമുള്ള ബന്ധം അശേഷം വേർപെട്ടുപോകുന്നു. ആത്മാവു മുക്തമായിരിക്കുന്നു എന്നതു തന്നത്താൻ കാണുന്നു. തണ്ടെല്ലു സിരാപാശം ഒരു വിശേഷരീതിയിൽ രചിക്കപ്പെട്ടിരിക്കയാണെന്നു നമുക്കറിയാമല്ലോ. ഇംഗ്ലീഷിൽ എട്ട് എന്നുള്ള അക്കത്തെ നാം ചരിച്ചെഴുതുക (∞) യാണെങ്കിൽ അതിനു രണ്ടുഭാഗങ്ങളുണ്ട്. ആ രണ്ടുഭാഗങ്ങളുമായി മദ്ധ്യത്തിൽ സംബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ എട്ടിനെ ഒന്നിനുമേലൊന്നായി അടുക്കുകയാണെന്നു വിചാരിക്കുക, അപ്പോൾ അതു തണ്ടെല്ലിലെ സിരാപാശം പോലെയായി. ഇടത്തെ ഭാഗം ഇഡ; വലത്തെഭാഗം പിംഗല; മദ്ധ്യേ കിടക്കുന്ന ശൂന്യമായ പ്രണാളി സുഷുമ്ന. ഈ സിരാപാശം കടിപ്രദേശത്തിലുള്ള തണ്ടെല്ലിന്റെ ഘടകാസ്ഥികളിൽ അവസാനിക്കുമ്പോൾ ഒരു സൂക്ഷ്മമായ തന്തു താഴോട്ടുവരുന്നു. ആ പ്രണാളി ആ തന്തുവിലുമുണ്ട്. അധികം സൂക്ഷ്മമായിരിക്കും എന്നേയുള്ളു. ഗുഹ്യസിരാഗ്രന്ഥി എന്നു പറയുന്ന സ്ഥാനത്തിനടുത്തുള്ള അടിയിലത്തെ അററത്തു ഈ പ്രണാളി അവസാനിച്ചിരിക്കുന്നു. ആ സ്ഥാനം പുതിയ ശരീരശാസ്ത്രപ്രകാരം ആകൃതിയിൽ ത്രികോണമാണ്. തണ്ടെല്ലിലെ സിരാപാശത്തിൽ സ്ഥാനം പിടിച്ചിരിക്കുന്ന മററോരോ സിരാഗ്രന്ഥികളും ശരിയായും യോഗിയുടെ ഓരോ ആധാരപത്മങ്ങളായി ഗണിക്കപ്പെടാവുന്നതാകുന്നു. അടിയിലുള്ള മൂലാധാരത്തിൽ നിന്നു തുടങ്ങി തലച്ചോററിലെ സഹസ്രാര (ആയിരംദളമുള്ള) പത്മം വരെ അനേകം സ്ഥാനങ്ങളെ യോഗി സങ്കല്പിക്കുന്നു. അതുകൊണ്ടു നാം ഈ ഓരോ സിരാഗ്രന്ഥികളെയും ആ ആധാരചക്രങ്ങളായി സ്വീകരിച്ചാൽ യോഗിയുടെ അഭിപ്രായം പുതിയ ശരീരശാസ്ത്രത്തിന്റെ ഭാഷയിൽത്തന്നെ നമുക്കു എളുപ്പത്തിൽ മനസ്സിലാകുന്നതാകുന്നു. ഈ സിരാധാരകളിൽ രണ്ടുവിധം വ്യാപാരങ്ങൾ നടക്കുന്നുണ്ടെന്നു നമുക്കറിയാമല്ലോ. ഒന്നു ഉത്സാരണം, മററതു അപസാരണം. ഒന്നു ജ്ഞാനമയം മററതു ക്രിയാമയം. ഒന്നു ആരോഹകം, മററതു അവരോഹകം. ഒന്നു ഇന്ദ്രിയ സാക്ഷാൽകാരങ്ങളെ തലച്ചോററിലേക്കു കൊണ്ടുചെല്ലുന്നു. മററതു അതിനെ തലച്ചോററിൽനിന്നു ബാഹ്യ

# ഒരൊററ നോക്ക്.

എന്റെ സമ്മതമില്ലാതെ നിങ്ങളെങ്ങിനെയാണ് അവളെ അയച്ചത്. ഞാനല്ലേ അവളുടെ ഭർത്താവ്”?

“നിണക്ക് വിരോധമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.”

“വിരോധമുണ്ടാകുമോ ഇല്ലയോ എന്നു നിങ്ങളെങ്ങിനെ അറിഞ്ഞു?”

“ഇതിനുമുമ്പും മാധവിനിന്റെ സമ്മതം കൂടാതെ അടിയന്തരങ്ങൾക്കു പോയിട്ടുണ്ടല്ലോ. അന്നൊന്നും നീ വിരോധം പറഞ്ഞിരുന്നില്ലല്ലൊ. അവളുടെ അച്ഛന്ന് ഇഷ്ടമുള്ളദിക്കിൽ അവൾ പോയിക്കൊള്ളട്ടെയെന്നല്ലേ പറയാറ്. ഇതും അങ്ങിനെ തന്നെ നിണക്കു സമ്മതമായിരിക്കുമെന്നു ഞാൻ വിചാരിച്ചു.”

“ആ കാലമൊക്കെ മാറിയില്ലേ? എന്റെ അച്ഛൻ നിങ്ങളുടെ പരിഷ്കാരത്തിനൊക്കെ വിരോധിയാണ്. അതു നിങ്ങൾക്കറിയാമല്ലോ. ഞങ്ങൾക്കു പഴയ സമ്പ്രദായങ്ങളൊക്കെ മതി.”

“അതെന്താ പഴയസമ്പ്രദായമെന്നുനി പറയുന്നു; ഇപ്പഴ് നടക്കുന്നതൊക്കെ പഴയസമ്പ്രദായമാണൊ?”

“അതൊക്കെ ക്രമേണ വന്ന പരിഷ്കാരങ്ങളല്ലേ? സവ്ജനങ്ങൾക്കും ഒരുപോലെ വിരോധമുള്ളതല്ലേ താലികെട്ട് ഇല്ലതാക്കുന്നതു്. അതിനു നിങ്ങളൊക്കെ ഇങ്ങിനെ പുറപ്പെട്ടാലൊ?

“എന്താണ് വാസുദേവനിങ്ങിനെ കേവലം വിദ്യാഭ്യാസമില്ലാത്തവരെപ്പോലെ സംസാരിക്കുന്നത്? ഇപ്പോൾ നമ്മുടെ ഇടയിൽ നടക്കുംപോലെയുള്ള താലികെട്ടിനു എന്തൊരർത്ഥമാണുള്ളത്? നിങ്ങളൊക്കെ ബി. എ. മുതലായ പരീക്ഷയൊക്കെ ജയിച്ചു, വളരെ പുസ്തകങ്ങൾ വായിച്ചു പലരാജ്യങ്ങളിലും സഞ്ചരിച്ചു അനേകതരം ജനങ്ങളുമായി കണ്ടുപരിചയമായി ബുദ്ധിവികാസവും ലോകപരിചയവും സിദ്ധിച്ചവരല്ലേ? ഞങ്ങൾ പെണ്ണുങ്ങൾ!

ഞങ്ങൾക്കെന്തറിയാം? എന്റെ ചെറിയ ബുദ്ധികൊണ്ട് ആലോചിച്ചതിൽ ഈ താലികെട്ടു കല്യാണം വെറും പണച്ചെലവുമാത്രമല്ലാതെ മറ്റൊന്നുമല്ലെന്നാണ് തോന്നുന്നതു; എന്തൊരു ഗോഷ്ടിയാണ് ചെറിയ പെൺകുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നത്!! വലിയൊരു വൈദികകർമ്മമാണു താലികെട്ടെന്നല്ലേ വെച്ചിരിക്കുന്നതു ആരാണ് നമ്മളുടെ വൈദികൻ? നമ്മുടെ ക്ഷുരകനോ? നിങ്ങൾക്കു സർവ്വപരിഷ്കാരവും വേണം. പെണ്ണുങ്ങളെ സംബന്ധിക്കുന്ന കാര്യത്തിൽ ഒക്കെ പഴയ ആചാരം മതി, നിങ്ങൾക്കു യൂറോപ്യൻ സമ്പ്രദായത്തിൽ ഉടുക്കണം മുടിവെട്ടണം ഒക്കെ വേണം അതെ, സ്ത്രീകളുടെ ഉടുപ്പിലും ചിലമാറ്റം വരുത്തീട്ടുണ്ട്; നേരുതന്നെ എന്തിനു വരുത്തി? നിങ്ങളുടെ ഒന്നിച്ചു തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ, പുടവയും മുണ്ടും കത്തിത്താത്തിയകാതും പരുക്കൻവളയും കണ്ടാൽ അന്യജാതിക്കാർ പുച്ഛിക്കുന്നതിനെ പേടിച്ചിട്ടു നിങ്ങൾ വേലയുടുപ്പിക്കുന്നു. കാതു ചെറുതാക്കുന്നു, നിന്റെ യൂറോപ്യൻ സ്നേഹിതന്മാരിൽ വല്ലവരോടും നമ്മളുടെ താലികെട്ടടിയന്തരത്തെ ഒന്നു വിവരിച്ചു കൊടുക്കൂ; എന്താണ് അവരുടെ അഭിപ്രായമെന്നൊന്നു ചോദിക്കൂ. ബ്രാഹ്മണരുടെ ഇടയിൽ പെൺകുട്ടികൾ ഋതുവാകുന്നതിനുമുമ്പിൽ താലികെട്ടണം എന്നാടപ്പൂങ്ങ് ശരിതന്നെ; താലികെട്ടുകയെന്നാൽ വിവാഹം കഴിക്കയെന്നാണ് അവിടെ അർത്ഥം. താലികെട്ട് അവരുടെവിവാഹത്തിന്റെ മുഖ്യ കർമ്മങ്ങളിൽ ഒന്നാണ്. ശൂദ്രരുടെ ഇടയിൽ "പുടമുറി" എന്നുപറഞ്ഞാൽ എങ്ങിനെവിവാഹമെന്നർത്ഥമാണോ അതുപോലെ ബ്രാഹ്മണരുടെ ഇടയിൽ "താലികെട്ട്" എന്നുപറഞ്ഞാൽ വിവാഹമെന്നാണു അർത്ഥം. ബ്രാഹ്മണരെ അനുകരിക്കയാണെന്നു വിചാരിച്ചു നാം ചെയ്യുന്ന ഈ കർമ്മത്തിൽ യഥാർത്ഥവസ്തുവെവിട്ടു വെറും നിഴലിനെയാണ് പിടിച്ചിരിക്കുന്നതു. നായന്മാരെയാണ് നാം ഈവിധം അനുകരിച്ചതെന്നുവിചാരിക്കുക, അവരുടെ ഇടയിൽ ഋതു സ്നാനത്തിനു മുമ്പിൽ പുടമുറികഴിക്കണം എന്നൊരു ചട്ടമുണ്ടെന്നും വിചാരിക്കുക. നമ്മൾ ആ സമ്പ്രദായത്തിൽ നിഴൽമാത്രം പിടിച്ചു, ഒരുപെൺകുട്ടി ഋതുവാകുന്നതിനു മുമ്പു വളരെ പണം ചെലവാക്കി വാദ്യഘോഷത്തോടു കൂടി ഒരുസദ്യകഴിച്ചു നമ്മുടെ ക്ഷുരകനെക്കൊണ്ടു പുടമുറിച്ചു കൊടുപ്പിക്കുന്ന ഒരു അടിയന്തരം നടന്നുവെന്നിരിക്കട്ടെ. അതെത്ര ആഭാസമായിതോന്നും? അത്രതന്നെ ആഭാസമാണിതു; പക്ഷേ പണ്ടു പണ്ടേ നടന്നുപോ

ന്നതുകൊണ്ടു അതിൻെറ ആഭാസം നമുക്കപ്രത്യക്ഷമാകുന്നില്ല."

നിങ്ങളെന്നോടു ഇത്രവലിയപ്രസംഗംമൊന്നും കഴിക്കേണ്ടതില്ല. എൻെറഅച്ഛന്ന് താലികെട്ടുനിറുത്തൽചെയ്യുന്നതു ഇഷ്ടമല്ല. താലികെട്ട്‌വിവാഹം കഴിക്കുന്നതു വലിയതെററാണെന്നു ഞങ്ങൾവിചാരിക്കുന്നു."

"നിങ്ങളുടെമക്കടെമൂഢി. മാധവിയുടെഅച്ഛൻ ഇതിൽ പ്രവേശിച്ചതുകൊണ്ടു അതിന് വിരോധമായി പ്രവൎത്തിക്കണമെന്നു നിൻെറ അച്ഛൻ വിചാരിക്കുന്നു. അല്ലാതെ അതിന്ന് അൎത്ഥമില്ല."

"നിങ്ങൾപറയുന്നതിനും ചെയ്യുന്നതിനുംമാത്രമെ അൎത്ഥമുള്ളൂ. ഞങ്ങളൊക്കെ വിഡ്ഢികൾ"

"എന്നു ഞാൻ പറഞ്ഞിട്ടില്ല"

കല്യാണിയമ്മ ഒടുവിൽപറഞ്ഞ ഈ വാക്കുകേൾക്കാൻ വാസുദേവൻ നിന്നില്ല. അവൻ പടിഇറങ്ങിപ്പോയി. തൻെറ മകളുടെഭത്താവ് ഇങ്ങിനെകോപിച്ചിറങ്ങിപ്പോയതുകൊണ്ട് കല്യാണിയമ്മ കുറെ വിഷാദിച്ചു. താൻ അന്യായമായി വല്ലതും പറഞ്ഞുപോയൊ എന്നാലോചിച്ചു പശ്ചാത്തപിച്ചു. കല്യാണിയമ്മയുടെ ഏകപുത്രിയാണ് മാധവി. അവളെ വാസുദേവൻ വിവാഹംചെയ്തു. അല്പദിവസംകഴിഞ്ഞശേഷംതന്നെ അവളുടെ അച്ഛൻ ഗോവിന്ദനും, അവൻെറ അച്ഛൻ കൃഷ്ണനും തമ്മിൽ സംഗതിവശാൽ സംബന്ധിച്ചില്ലാതായിരുന്നു. ഗോവിന്ദൻ വളരെ ജനരഞ്ജനയും ജാത്യഭിമാനവും ഉള്ള ഒരു സുശീലനും സാധുപ്രകൃതിക്കാരനുമാണ്. അദ്ദേഹം ധാരാളം കേസ്സുംപണവുമുള്ള ഒരു വക്കീലാണ്. തൻെറ ജാതിയും തൻെറ രാജ്യക്കാരും നന്നാകണമെന്നു നിൎവ്യാജമായി വിചാരിച്ചു പണവും സമയവും അതിലേക്കായി വ്യയംചെയ്യുന്ന യോഗ്യനാണ് അദ്ദേഹം. കൃഷ്ണൻ വലിയ പണക്കാരനാണ്. ഗവൎമ്മെണ്ടു ഉദ്യോഗത്തിൽ പ്രവേശിച്ചു തൻെറ സാമൎത്ഥ്യംകൊണ്ടല്ലെങ്കിലും ശൂദ്രാചാൎയ്യന്മാരുടെ സേവകൊണ്ടു ക്രമേണ കയറി ഒരു മുൻസിപ്പുദ്യോഗം കിട്ടി; അതിൽനിന്നു പെൻഷ്യൻ വാങ്ങിയിരിക്കയാണ്. മുൻസിപ്പായിരുന്നകാലത്തു വളരെപ്പണം കൈക്കൂലിവാങ്ങി ധാരാളം സ്വത്ത് സമ്പാദിച്ചിട്ടുണ്ട്. അതു താനും തൻെറ കുടുംബങ്ങളും അനുഭവിച്ചു സുഖിക്കയാണ്. ഗോവിന്ദൻെറ ജനസ്വാധീനവുംമററും കണ്ടിട്ട് കൃഷ്ണ

ന്റെ മനസ്സിൽ അസൂയയുടെ ഒരു ചെറിയ തൈ ആദ്യം തന്നെ തന്റെ അറിവുകൂടാതെ മുളച്ചിരുന്നു. അതു ഇപ്പോൾ വളരെ വളൎന്നു, "സ്വൈരമതുവൃന്തകുസുമങ്ങളതിരുന്നവേരൊലിലഭൂതലവുമെങ്ങുമിടകൂടി" എന്ന നിലയിലായിരിക്കുന്നു. അങ്ങിനെയിരിക്കുമ്പോഴാണ്, ഇക്കാലം ചില യോഗ്യന്മാർ ആരംഭിച്ച സമുദായപരിഷ്കാരകൎമ്മത്തിൽ ഗോവിന്ദൻ ഒരു വലിയ ഉത്സാഹിയായിത്തീൎന്നതു. അതിൽ ഗോവിന്ദൻ ഉത്സാഹിയാണെന്നുള്ള പരമാൎത്ഥം തന്നെ കൃഷ്ണൻ അതിന്നു വിരോധിയാകുവാൻ സംഗതിയായി. ജനങ്ങൾ വിചാരിച്ചാൽ സംഗതികാണാൻ പ്രയാസമുള്ള കൎമ്മങ്ങൾ ലോകത്തിൽ എന്തൊക്കെ സംഭവിക്കുന്നു! അതിലൊന്നാണ് കൃഷ്ണന്റെ മകനും ഗോവിന്ദന്റെ മകളും തമ്മിൽ ഉണ്ടായ വിവാഹബന്ധം. വാസുദേവൻ ബി. ഏ. പരീക്ഷ ജയിച്ച പരിഷ്ക്കാരംസിദ്ധിച്ച ഒരു യുവാവും ഇപ്പോൾ ഒരു ഗവൎമ്മെണ്ട് ഉദ്യോഗസ്ഥനുമാണ്. അവനിൽ പറയത്തക്ക ദുൎഗ്ഗുണങ്ങൾ ഒന്നും ഉള്ളതായി അറിയുന്നില്ല. മാധവി മഹാ സുന്ദരിയും അത്യന്തസുശീലയും ആയ ഒരു പെൺകുട്ടിയാണ്. അവൾക്കു അവളുടെ അച്ഛൻ നല്ല വിദ്യാഭ്യാസം നൽകിയിരുന്നതിനാൽ അവളുടെ ബുദ്ധിക്കു ധാരാളം പാകതസിദ്ധിച്ചിരിക്കുന്നു. ചെറുപ്പത്തിൽതന്നെ ഇത്ര ആലോചനയും അനുസരണയും ഉള്ളവർ അധികമില്ല.

ഭാൎയ്യാഭൎത്താക്കന്മാർ വിവാഹശേഷം ദൃഢാനുരാഗത്തിൽതന്നെ വളൎന്നുപോന്നു. അവരുടെ ഗുണങ്ങളെപ്പററി ആലോചിച്ചാൽ,

"ചേൎത്തിഹ തെരു സമാനഗുണരായ വധൂവരരെ-
ക്കീൎത്തിപിതാമഹന്നു ചിരകാലമബാധിതയായ്"

എന്നേ പറയേണ്ടതുള്ളു. വാസുദേവൻ അച്ഛന്റെ ആജ്ഞകളെ അക്ഷരംപ്രതി എന്നപോലെ അനുസരിക്കുന്നതിൽ അത്യന്തം ഉത്സുകനായിരുന്നു. വലിയ ഒരു ഗുണമായി വിചാരിക്കപ്പെടുന്ന ഈ സ്വഭാവം വാസുദേവന്റെ അനൎത്ഥത്തിന്നാണ് അവനിൽ ദൃഢമായി പതിഞ്ഞുകിടന്നതെന്നുവേണം പറവാൻ.

"മൎയ്യാദലംഘനം ചെയ്യുവനാകിലാ-
ചാൎയ്യനെന്നാകിലും ത്യാഗം ബുധമതം"

എന്നുള്ളതിൽ വാസുദേവൻ ലവലേശം വിശ്വസിച്ചിരുന്നില്ല. കല്പിക്കുന്നവരുടെ ദുൎഗ്ഗുണവും ദുഷ്ടവിചാരവുംകൊണ്ട് കല്പന

നയമനുസരിക്കുന്നവർ സങ്കടത്തിലാകുന്നതു സാധാരണയാണെല്ലോ.

മാധവി ഇക്കാലത്തു അല്പദിവസം തന്റെ അച്ഛന്റെ ഒന്നിച്ചുതാമസിക്കാൻ വന്നിരിക്കയായിരുന്നു. അതിനിടക്ക് ഒരുദിവസം സമീപത്തു ഒരു വീട്ടിൽ ഒരു വിവാഹാടിയന്തിരം ഉണ്ടായിരുന്നതിൽ മണവാളൻ മണവാട്ടിക്കു താലികെട്ടണം എന്ന പുതിയ ഏർപ്പാടുണ്ടായിരുന്നു. കൃഷ്ണനും അവന്റെ ഭാഗക്കാരും അതിനു വിരോധികളായിരുന്നുവെങ്കിലും അതുവരെ പ്രത്യക്ഷത്തിൽ യാതൊന്നും കൃഷ്ണൻ പറഞ്ഞിരുന്നില്ല. ആ വിവാഹത്തിനു ഗോവിന്ദൻപോകുമ്പോൾ തന്റെമകളെയും ഒന്നിച്ചുകൂട്ടി.

ആ ദിവസം ഉച്ചക്കു പത്മനാഭൻ എന്നു പേരായി ഒരു ചെറുപ്പക്കാരൻ കൃഷ്ണന്റെ വീട്ടിൽചെന്നു. ഈ ചെറുപ്പക്കാരനെ എന്റെ വായനക്കാർ നല്ലവണ്ണം മനസ്സിലാക്കണം. ഈവിധം ആളുകൾ നമ്മുടെരാജ്യത്തു അത്ര അധികം ഇല്ല. ആൾ കുറിയവനാണ്. എപ്പോഴും കണ്ണടധരിച്ചിട്ടാണ്. ധൃഷ്ടതയും അസൂയയും ഉരുണ്ടുകൂടിയ ആകൃതിയിൽ സ്ഥിതിചെയ്യുന്ന രണ്ടു ചെറുഗോളങ്ങൾ കണ്ണടയുടെ ഉള്ളിൽനിന്നു വെളിക്കുചാടി ലോകംമുഴുവൻ ഭസ്മീകരിക്കാൻ ശ്രമിക്കുന്ന മാതിരി ചലിച്ചുകൊണ്ടിരിക്കുന്ന രണ്ടു കണ്ണുകളാണ് അവനുള്ളതു്. ശരീരം വളരെ കറുത്തിട്ടാണ് ഉള്ളു് അതിലധികം കറുത്തിട്ടാണ്. നടക്കുമ്പോൾ വലത്തുകാൽ ഭൂമിയിൽ കുറെ ബലത്തിൽ ചവിട്ടുകയും അതുനിമിത്തം ആ ഭാഗത്തേക്കു ഒരു ചരുവുള്ള മാതിരി കാണപ്പെടുകയും ചെയ്യും. പത്മനാഭൻ ഗോവിന്ദന്റെ ഒരു ആശ്രിതനാണ്. എന്നുവെച്ചാൽ, താനും തന്റെ കുടുംബവും അനുഗ്രഹത്തെക്കൊണ്ടാണ് ജീവിക്കുന്നതു്. തരംകിട്ടുമ്പോളൊക്കെ ഗോവിന്ദനു വിരോധമായി സ്വകാര്യംവല്ലതും പ്രവൃത്തിക്കുന്നതിലാണ് പത്മനാഭൻ തന്റെ കൃതജ്ഞതയെ കാണിക്കാറു്. അവൻ കൃഷ്ണന്റെവീട്ടിൽചെന്നു നാട്ടുവർത്തമാനങ്ങൾ പലതും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇങ്ങിനെ ഒരു സംഭാഷണമുണ്ടായി.

പത്മനാഭൻ—നിങ്ങളിന്നത്തെ "കല്യാണമംഗല"ത്തിനു പോകുന്നില്ലേ?

കൃഷ്ണൻ—ഞാനില്ല. ഒരുപ്രാവശ്യം താലികെട്ടിയപെണ്ണിനു പിന്നെയും പിന്നെയും താലികെട്ടുക എന്ന ഗോഷ്ടിയാണ് ഇവർക്കൊക്കെ ഭ്രാന്താണോ?

പത്മനാഭൻ—വാസുദേവൻ പോകുന്നുണ്ടായിരിക്കാം.

കൃഷ്ണൻ—ഞാൻ പോകാത്തടിക്കിൽ അവൻ പോകുമോ?

പത്മനാഭൻ—ഓഹോ അങ്ങിനെയാണോ? എന്നാൽ—

കൃഷ്ണൻ—എന്നാൽ എന്താണ്. പറയിൻ, എന്താണ്?

പത്മ—എന്നാൽ– മറ്റൊന്നുമല്ല. എന്നാൽ, ഭർത്താവ് പോകാത്തടിക്കിൽ ഭാര്യക്കും പോകാൻ പാടില്ലല്ലൊ.

കൃഷ്ണൻ—ഒരിക്കലുമില്ല. എന്റെ ഭാര്യയും പോകയില്ല.

പത്മ—നിങ്ങടെ ഭാര്യയല്ല–ഞാൻ– ഞാല്ലെങ്കിൽ വേണ്ട–ഞാൻ നുണപറഞ്ഞെന്നുവരും– അല്ലെങ്കിൽത്തന്നെ എന്നെ ആൎക്കും കണ്ടുകൂടാ.

കൃഷ്ണൻ—പറയിൻ എന്താണെന്ന് കേട്ടുകൂടെ.

പത്മ—മറ്റൊന്നുമല്ല നിങ്ങളെ മകന്റെ ഭാര്യ ഇന്ന അടിയന്തിരത്തിന്ന പോയിട്ടുണ്ട്.

ഇതുകേട്ടപ്പോൾ കൃഷ്ണൻ ഞെട്ടി എഴുനീററ്, ഇങ്ങിനെ ചോദിച്ചു.

"എന്ത് മാധവിയൊ? നിങ്ങൾ കണ്ടുവൊ അവൾ പോകുന്നത്?"

തന്റെ വിദ്യ ഫലിക്കുന്നുണ്ടെന്ന കണ്ടപ്പോൾ പത്മനാഭൻ വളരെ സാവധാനത്തിൽ ഇങ്ങിനെപറഞ്ഞു.

"ഞാൻ മി.സ്റ്റർ ഗോവിന്ദന്റെവീട്ടിൽനിന്നാണ് വരുന്നത്. അദ്ദേഹവും മകളും അടിയന്തിരത്തിന്ന പുറപ്പെട്ടു പോയശേഷമാണ് ഞാൻ അവിടെനിന്ന പുറപ്പെട്ടത്."

കൃഷ്ണൻ—"ഞങ്ങടെ സമ്മതം ചോദിക്കാതെ എങ്ങിനെയാണ് മാധവിയെ അയാൾ കൂട്ടിക്കൊണ്ടുപോയത്. വാസുദേവൻസമ്മതംകൊടുത്തിരിക്കുമോ?"

ഈ ഒടുവിൽ പറഞ്ഞ വാക്യം പത്മനാഭനോടായിട്ടല്ല, തന്നോടുതന്നെയായിട്ടായിരുന്നു കൃഷ്ണൻ ചോദിച്ചത് എങ്കിലും അതിന്നമറുവടി പത്മനാഭൻ ഇങ്ങിനെ പറഞ്ഞു.

„ഏഃ ഞാനറിയും വാസുദേവൻ സമ്മതം കൊടുത്തിട്ടില്ല. മിസ്റ്റർ ഗോവിന്ദൻ തന്റെ ഭാൎയ്യയോടു, ഞാൻ മാധവിയെയും അടിയന്തിരത്തിനു കൂട്ടും അവരെന്തുചെയ്യുമെന്നു കാണാമല്ലോ. അവന്റെ ധിക്കാരമൊന്നു മാററണം എന്നു പറയുന്നതു ഞാൻ കേട്ടു."

ഈ പറഞ്ഞതു കേവലം കളവായിരുന്നു. അങ്ങിനെ യാതൊരുവാക്കും ഗോവിന്ദനാകട്ടെ ഭാൎയ്യയാകട്ടെ പറഞ്ഞിരുന്നില്ല. പത്മനാഭൻ ഇങ്ങിനെ പറഞ്ഞതുകേട്ടപ്പോൾ കൃഷ്ണനുണ്ടായ കോപം ഇന്നവിധമായിരുന്നുവെന്നു വിവരിക്കാൻ പ്രയാസം. താൻ പല്ലും കടിച്ചുകൊണ്ടു, വാസുദേവന്റെ മുറിയിൽ ചെന്നു. അവിടെവെച്ചുണ്ടായ സംഭാഷണത്തിന്റെ ഫലമായിട്ടായിരുന്നു വാസുദേവൻ അയാളുടെ ഭാൎയ്യ വീട്ടിൽ ചെന്നതും അവിടെവെച്ചു ഈ കഥയുടെ ആരംഭത്തിൽ കാണിച്ചപ്രകാരം താനും തന്റെ ഭാൎയ്യയുടെ അമ്മയും തമ്മിൽ സംവാദമുണ്ടായതും.

അന്നു വൈകുന്നേരം, ഗോവിന്ദനും മകളും അടിയന്തിരം കഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തിയപ്പോൾ തനിക്കായി ഒരു കത്തുള്ളതായി കണ്ടു. കത്തു കൃഷ്ണന്റേതായിരുന്നു. തന്റെ മകന്റെ ഭാൎയ്യയെ തന്റെയോ, തന്റെ മകന്റെയോ അനുമതികൂടാതെ തനിക്കു വിരോധമുള്ള ഒരു അടിയന്തിരത്തിനു അയച്ചതുകൊണ്ടും അവളുടെ അമ്മ തന്റെ മകനോടു വളരെ ധിക്കാരമായി സംസാരിച്ചതുകൊണ്ടും അത്യന്തം കോപിച്ചുകൊണ്ടു എഴുതിയ കത്തായിരുന്നു അതു. കത്തിന്റെ ഒടുവിലത്തെ വാചകം ഇങ്ങിനെയായിരുന്നു.

“ഞങ്ങളുടെ ധിക്കാരം ശമിപ്പിക്കാൻ നിങ്ങളുടെ മകളെ ഞങ്ങൾക്കു വിരോധമുള്ള ദിക്കിൽ ഒരടിയന്തരത്തിനു കൂട്ടിക്കൊണ്ടുപോയതു എന്റെ മകനു വേറെ ഭാൎയ്യയെ കിട്ടുകയില്ലെന്നുള്ള പൂൎണ്ണവിശ്വാസത്തോടുകൂടിയാണെങ്കിൽ ആ വിശ്വാസം തെററാണെന്നു തെളിയിക്കാൻ ഞാൻ ഒരുങ്ങിയ വിവരം നിങ്ങളെ അറിവിച്ചിരിക്കുന്നു.”

ഈ എഴുത്തുവായിച്ചപ്പോൾ പ്രകൃത്യാ ശാന്തശീലനായിരുന്നുവെങ്കിലും ഗോവിന്ദൻ അത്യന്തം കോപാതുരനായിത്തീൎന്നു. കൃഷ്ണന്റെ എഴുത്തിൽ സൂചിപ്പിച്ചിരുന്ന ധിക്കാരങ്ങൾ പൊറുക്കത്തക്കവയായിരുന്നില്ല. എഴുത്തുവായിച്ച ഉടനെ ഗോവിന്ദൻ അതിനെപ്പററി തന്റെ മകളോടൊ ഭാൎയ്യയോടൊ യാതൊന്നും പറയാതെ അതിനു ഇങ്ങിനെ ഒരു മറുവടി എഴുതിഅയച്ചു:—

രാ— രാ— ശ്രീ—

നിങ്ങളുടെ ഏറ്റവും ധിക്കാരമയമായ എഴുത്തുകിട്ടി ഞാൻ അത്യന്തം അത്ഭുതപ്പെട്ടു— എന്റെമകളെ ഇന്ന അടിയന്തിരത്തിന കൂട്ടിക്കൊണ്ടുപോയതു നിങ്ങളുടെ ധിക്കാരം ശമിപ്പിക്കാനല്ല. ധിക്കാരത്തെ പ്രദർശിപ്പിക്കാൻ ഇടയാക്കാനാണ് സംഗതിവന്നതെന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. എന്റെമകൾ ചെയ്ത ഈ തെററ് നിങ്ങളുടെ സംബന്ധം മുറിക്കത്തക്ക ഗൌരവമുള്ളതായി നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ അതു് അവളുടെ തലവിധിയായി വിചാരിച്ചുകൊള്ളുന്നതാണ്.

എന്ന് ഗോവിന്ദൻ.

ഈ എഴുത്തെഴുതി അയച്ചുകഴിഞ്ഞശേഷമാണ് തന്റെ മകളുടെ ഭവിഷ്യത്തിനെപ്പററി ഗൌരവമായി വിചാരിക്കാനും അതുനിമിത്തം പശ്ചാത്തപിക്കാനും ഗോവിന്ദന് ഇടയായതു്. അന്നു രാത്രി അദ്ദേഹം വിവരം തന്റെ ഭാര്യയോടുപറഞ്ഞു കല്യാണിയമ്മ സംസ്കൃതവും മലയാളവും ധാരാളം പഠിച്ചറിഞ്ഞ ഒരു വലിയ വിദുഷിയായിരുന്നു. അവരുടെ അഭിപ്രായത്തിനു വളരെ വിലയുണ്ടായിരുന്നു. ആ സ്ത്രീ എല്ലാംകേട്ടശേഷം ഇങ്ങിനെ മറുവടിപറഞ്ഞു.

“വാസുദേവൻ അവളെ വളരെ സ്നേഹിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയതു്. ആവിധം സ്നേഹം ഒരുദിവസംകൊണ്ടു മാറുന്നകളയത്തക്കതാണെങ്കിൽ അതു ഇല്ലാതിരിക്കയാണ് ഭംഗി,,

സാധുകല്യാണിയമ്മ, തന്റെ മകൾക്കു വരാനിരിക്കുന്ന അത്യാപത്തിനെ യാതൊരു വിധത്തിലും പ്രതീക്ഷിക്കാതെയാണ് ഈ വിധം പറഞ്ഞതെന്നതിനു സംശയമില്ല.

ഗോവിന്ദനാകട്ടെ അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ വിവരം മാധവിയോടു പറയാതെ കഴിച്ചു. തന്റെ ഗൃഹത്തിലുള്ളവരും അച്ഛനമ്മമാരും തമ്മിലെന്തോ ഒരു സ്വരച്ചേർച്ചയില്ലായ്മയുണ്ടെന്നു ആ കുട്ടി മനസ്സിലാക്കിയെങ്കിലും അതിന്റെ ഗൌരവം അശേഷം അറിഞ്ഞിരുന്നില്ല എങ്കിലും തന്റെ ഭർത്താവ് തന്നെ കാണ്മാൻ വരുന്നില്ല; തന്നെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകുന്നില്ല; ആ അടുത്തുള്ള കാര്യത്തെപ്പററി അച്ഛനമ്മമാർ യാതൊന്നും പറയുന്നില്ല. ആ കുട്ടിയുടെ ആ സ്ത്രീക്ക് വളരെ സംശയങ്ങൾ

ഉണ്ടായിത്തുടങ്ങി. ഈ വക കൎമ്മങ്ങൾ പറവാൻ അർഹതയുള്ളവർ പറയാതിരുന്നാലും അറിവാൻ ഇഷ്ടപ്പെട്ടവരെ അറിയിക്കാൻ ആളുകൾ ലോകത്തിൽ ധാരാളമുണ്ടല്ലോ. ഒരു ദിവസം മാധവി തന്റെ വീട്ടിന്റെ വരാന്തയിൽ ഒരു കസാരയിൽ ഇരുന്ന് ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ പത്മനാഭൻ കയറിവന്നു. അവന്റെ കണ്ണു കണ്ണാടിയുടെ ഉള്ളിൽ കൂടി കണ്ടപ്പോൾ തന്നെ, ബാഷ്പം പുറത്തു ചാടി ശോകം ഭസ്മീകരിക്കാതിരിക്കാൻ ദൈവം തന്നെ അവളെ ആ കണ്ണാടിക്കൂട്ടിലാക്കിയതാണെന്ന് മാധവിക്കു തോന്നീട്ടുണ്ടായിരിക്കണം. മാധവിയെക്കണ്ടപ്പോൾ തന്നെ പത്മനാഭൻ ഏററവും പുഛസമ്മിശ്രമായ കരുണരസത്തിൽ ഇങ്ങിനെ പറഞ്ഞു.

“അവരവർ അനുഭവിക്കേണ്ടതു അനുഭവിക്കാതെ കഴിയുമോ? നിങ്ങളെപ്പോലെതന്നെ ഞങ്ങൾക്കും വ്യസനമുണ്ടു.

ഇതു കേട്ടപ്പോൾ മാധവി സാരം മനസ്സിലാകാതെ അല്പം അന്ധാളിച്ചു, എന്നിട്ട്.

“ നിങ്ങളെന്തിനെപ്പററിയാണ് പറഞ്ഞത്? എന്നു ചോദിച്ചു.

പത്മ—“ഞാൻ വാസുദേവന്റെ വിവാഹകാൎയ്യത്തെപ്പററി പറഞ്ഞതാണ്, ഗോപാലൻ വക്കീലിന്റെ മകൾ രുഗ്മിണിയെ വാസുദേവൻ കല്യാണം കഴിക്കാൻ തീൎച്ചയാക്കിയിരിക്കുന്നുവെന്നു കേട്ടു.”

ഇതു കേട്ടപ്പോൾ മാധവിക്കുണ്ടായിരുന്ന ഭയങ്ങളൊക്കെ ഒരു സ്വരൂപം കൈക്കൊണ്ട് അവളെ തൽക്ഷണം വല്ല പഴുപ്പിച്ച ശരം കൊണ്ടെന്നപോലെ പീഡിപ്പിച്ചു. പക്ഷെ ഒരക്ഷരമെങ്കിലും മറുപടി പറയാതെ അവൾ അതുവരെ താഴത്തു പിടിച്ചിരുന്ന പുസ്തകം രണ്ടാമതും മുഖത്തിനു നേരെ പൊക്കിപ്പിടിച്ചു. അതിൽ ഒന്നാക്കിയതൊ വായിച്ചതോ ഇല്ല, അതിലൊന്നും അവൾ കണ്ടതേ ഇല്ല. അവളുടെ ഹൃദയം കഠിനമായിട്ടിടിച്ചു തുടങ്ങിയതിന്റെ ഒച്ച അവൾക്കുതന്നെ കേൾക്കാമായിരുന്നു; അവൾ തന്റെ വാക്കിനു പ്രതിയായി യാതൊന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ പത്മനാഭൻ ഈ സന്തോഷവിവരം അവളുടെ അമ്മയോടു പറവാൻ അകത്തേക്കു പോയി. എന്നാൽ ഈ വൎത്തമാനം കേവലം കള്ളമായിരുന്നുവെന്നു ഇവിടെ പറയേണ്ടിയിരിക്കുന്നു. വാസുദേവൻ

പുനൎവ്വിവാഹത്തെപ്പററിയാതൊന്നും ആലോചിച്ചിരുന്നില്ല. അവന്റെ അച്ഛൻ അതിനെപ്പററി കൂടക്കൂടെ പറയാറുണ്ടെങ്കിലും യതൊന്നും തീൎച്ച്യാക്കിയിരുന്നില്ല. വിവരം കല്യാണിയമ്മയോടു പറഞ്ഞപ്പോൾ അവരും അതിനെപ്പററി മറുപടിയൊന്നും പറയാതിരിക്കയാണ് ചെയ്തിരുന്നത്. ഏതായാലും അന്നുതുടങ്ങി മാധവിക്കു കഠിനമായ ആധിയായി. താൻ ഹൃദയപൂൎവ്വം സ്നേഹിച്ചിരുന്ന തന്റെ ഭൎത്താവ് ഈവിധം പ്രവൃത്തിച്ചതിനെപ്പററി അവൾ കഠിനമായി വ്യസനിച്ചു. അങ്ങിനെ ചെയ്വാനുള്ള സംഗതിയെപ്പററി അമ്മയിൽ നിന്നറിഞ്ഞപ്പോൾ അവളുടെ ആശ്ചൎയ്യം വൎദ്ധിച്ചു. ദിവസേന വൈകുന്നേരം ഗോവിന്ദൻ തന്റെ മകളെ വണ്ടിയിൽ കയററി കടലോരത്തും മററും സവാരി ചെയ്യിച്ചു പല വിനോദങ്ങളും പറഞ്ഞു അവളെ സന്തോഷിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അവളുടെ മനസ്സും ശരീരവും ക്ഷീണിച്ചു തുടങ്ങി.

വാസുദേവൻ തന്റെ ഭാൎയ്യയെ ഈ വിധം ഉപേക്ഷിക്കേണ്ടിവന്നതിനെപ്പററി വ്യസനിച്ചു തുടങ്ങി. അവൻ തന്റെ ഭാൎയ്യയെ വളരെ സ്നേഹിച്ചിരുന്നു. "ഇഷ്ടം പാരമുദിക്കയാൽ ഹൃദയമൊന്നായുള്ള തൻ പതിയെ" ഇങ്ങിനെ അവളുടെ പക്കൽ യാതൊരു തെററും ഇല്ലാത്ത നിലയിൽ കൈവിടേണ്ടിവന്നുവല്ലോ എന്നു വിചാരിച്ചു രാവും പകലും സങ്കടപ്പെട്ടുകൊണ്ടിരുന്നു.

കൊല്ലം രണ്ടു കഴിഞ്ഞു. താലികെട്ടുകല്യാണത്തെപ്പററി ഉണ്ടായ വഴക്കു അവസാനിച്ചു. കൃഷ്ണന്റെ ഭാഗക്കാർ പരാജിതരായി. ജനങ്ങൾക്കൊക്കെ കാൎയ്യത്തിന്റെ സൂക്ഷ്മസ്ഥിതി മനസ്സിലായി എങ്കിലും ഗോവിന്ദന്റെയും കൃഷ്ണന്റെയും കുടുംബങ്ങൾ തമ്മിലുള്ള വൈരം കേവലം തീൎന്നില്ല. മാധവിയുടെ സുഖക്കേട് വൎദ്ധിച്ചു തുടങ്ങി. അവൾക്കു ക്ഷയമാണെന്നു വൈദ്യന്മാർ അഭിപ്രായപ്പെട്ടു. ശ്വാസകോശങ്ങൾ രണ്ടും വ്രണപ്പെട്ടിരിക്കുന്നു. ദീനം ഭേദമാകുന്നതു് കേവലം അസാദ്ധ്യമാണെന്നു തന്നെ വൈദ്യകുഞ്ജരന്മാരെല്ലാം ഒരുപോലെ ഉറപ്പിച്ചു പറഞ്ഞു. കല്യാണിയമ്മക്കും ഗോവിന്ദനും ഉണ്ടായ വ്യസനത്തിന്നു അതിരില്ലാതായി. എങ്ങിനെയെങ്കിലും വാസുദേവനെ "ഒരൊററ നോക്കു" ചാവുന്നതിന്നുമുമ്പ് കാണണമെന്നു തനിക്കു ആഗ്രഹമുണ്ടെന്നു മാധവി അവളുടെ അമ്മയെ അറിയിച്ചു. ആ സ്ത്രീ വിവരം ഗോവിന്ദനോടു പറഞ്ഞു. അദ്ദേഹം തന്റെ മകളുടെ ഒടുവിലത്തെ ആഗ്രഹം സാധിക്കാൻ എന്തു ചെയ്യാമെന്നു വിചാരിച്ചു വാസുദേവന് ഇങ്ങിനെ ഒരു കത്തെഴുതി.

ശ്രീ

മാധവിക്കു സുഖക്കേട് കലശലാണ്; ഇനി അധികദിവസം ജീവിക്കുമെന്നു തോന്നുന്നില്ല. നിന്നെ "ഒരൊററനോക്ക്" കാണണമെന്ന് ആഗ്രഹിക്കുന്നു. കഴിഞ്ഞതൊക്കെ മറക്കാമെങ്കിൽ നീ ഒരുദിവസം വന്നു അവളെ കണ്ടുപോകാൻ താല്പര്യപ്പെടുന്നു.

എന്നു ഗോവിന്ദൻ.

ഈ കത്ത് വായിച്ചപ്പോൾ വാസുദേവനുണ്ടായ വ്യസനം എങ്ങിനെ വിവരിക്കാം. തന്റെ അച്ഛന്റെ ദുഷ്ടബുദ്ധിയെയും അദ്ദേഹം ചെയ്ത പല അന്യായകർമ്മത്തേയും അവനിപ്പോൾ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഗോവിന്ദന്റെ നിർദ്ദോഷത്തെയും അവൻമനസ്സിലാക്കിയിരുന്നു. നിസ്സാരമായ ഒരു സംഗതി നിമിത്തം എന്നെന്നും തന്റെ ഭാഗ്യത്തിനു കാരണമായ മനോഹരിയായ തന്റെ ആത്മവല്ലഭയെ താൻ പരിത്യജിക്കേണ്ടിവന്നു എന്നല്ല, അവളുടെ ജീവനാശത്തിനും അതു കാരണമായി. കത്തു വായിച്ച ശേഷം വാസുദേവൻ തന്റെ മുറിയിൽ പോയി കിടക്കയിൽ കവിണ്ണു കിടന്നു വളരെ നേരം കരഞ്ഞു. കുറെ കഴിഞ്ഞപ്പോൾ എഴുനീററു ഗോവിന്ദന്റെ വീട്ടിലേക്കു ചെന്നു.

അതൊരുവൈകുന്നേരമായിരുന്നു സൂര്യൻ അസ്തഗിരിപ്രാപിച്ചുതുടങ്ങിയിരുന്നു. മനുഷ്യലോകം തങ്ങളുടെ ദിനകൃത്യങ്ങൾ കഴിഞ്ഞു അവരവരുടെ വീടുകളിലേക്കു മടങ്ങി. ആശ്വസിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷിമൃഗാദികളും പകലുള്ള വെയിലിന്റെ കാഠിന്യത്തിൽ നിന്നു വിമുക്തരായി സന്തോഷിക്കുന്നു. വാസുദേവൻ ഗോവിന്ദന്റെ വീട്ടിന്റെ പടികയറിച്ചെല്ലുന്ന പടിയുടെ അടുക്കെ ഉള്ള ഒരുമരത്തിന്മേൽ നിന്നു. രണ്ടു ചെറിയ പക്ഷികൾ അവനെ ആദരിക്കാനെന്നപോലെ മൃദുഗാനം ചെയ്യുന്നു. വാസുദേവൻ മെല്ലെ വരാന്തയിൽ കയറിച്ചെന്നു. അവിടെ ഒരുഭാഗത്ത് ഒരുചാരുകസാരയിൽ ഫ്ലാനലും കമ്പിളിയും മററും ഇട്ടു പുതച്ചു ഏററവും വിളറി അത്യന്തം ക്ഷീണിച്ച ഒരു ശരീരം കിടക്കുന്നുണ്ടു. വാസുദേവൻ ആ സ്വരൂപത്തെ കണ്ടറിഞ്ഞില്ല. അതു മാധവിയായിരുന്നു. മാധവി, തന്റെ പ്രാണേശനെ കണ്ടഉടനെ അവളുടെ ഹൃദയം കഠിനമായി തുടിച്ചു തുടങ്ങി. അവൾ തന്റെ കൈ ഹൃദയത്തിനടുത്തു വെച്ചു അത് അമർത്തികൊണ്ടിരുന്നു.

വാസുദേവൻ മാധവിയെ കണ്ടറിഞ്ഞില്ലെന്നു പറഞ്ഞുവല്ലോ. അവൻ അകത്തു ചെന്നു. അവിടെ ഗോവിന്ദനെ കണ്ടു. അദ്ദേഹം വാസുദേവനെ കണ്ടഉടനെ എഴുനീററു അവന്റെ കൈ പിടിച്ചു, ഉടനെ അദ്ദേഹത്തിന്റെ കണ്ണിൽ നിന്നു രണ്ടു തുള്ളി വെള്ളം കവിൾത്തടത്തിൽ ഇറങ്ങി. അല്പനേരം രണ്ടുപേരും ഒന്നുംമിണ്ടാതെ നിന്നശേഷം ഗോവിന്ദൻ "അവൾ പുറത്തുണ്ടല്ലോ നീ കണ്ടില്ലേ" എന്നു ചോദിച്ചു. രണ്ടുപേരും പുറത്തുവന്നു മാധവിയുടെ അടുക്കെ നിന്നു അവൾ കണ്ണുയർത്തി വാസുദേവനെ ഒരൊററനോക്കു നോക്കി. പെട്ടെന്നൊരു ശ്വാസം കഴിച്ചു. കണ്ണടച്ചു ലോകത്തിലെ സർവ്വ ദുഃഖങ്ങളിൽ നിന്നും വിമുക്തയായി സ്വർഗ്ഗങ്ങളും ഇന്നല്ലെങ്കിൽ നാളെ എന്നോരോരുത്തനും ആരാലും അറിവാൻ സാധിക്കാത്തതുമായ ആ സ്ഥലത്തേക്കു യാത്രയാകയും ചെയ്തു.

വാസുദേവൻ ഉറുമാൽകൊണ്ടു മുഖം മറച്ചു ഗോവിന്ദനോടു ഒരുവാക്കെങ്കിലും പറയാതെ ഇറങ്ങിപ്പോയി. അവൻ പടിയിറങ്ങിയപ്പോൾ ഒരാൾ പടികയറിവരുന്നതു കണ്ടു. അതു പത്മനാഭനായിരുന്നു.

മൂർക്കോത്തു കുമാരൻ.

# വൎത്തമാനങ്ങളും മററും.

ഏകദേശം ൧൪ കൊല്ലത്തോളം കൽക്കത്ത ഹൈക്കോടതി ജഡ്ജിയായിരുന്നതിനുശേഷം പെൻഷ്യൻവാങ്ങിപിരിഞ്ഞ അമീർ ആലി അവർകളെ ഇംഗ്ലണ്ടിൽ പ്രിവികൌൺസിലിലെ ഒരു ജഡ്ജിയായി നിശ്ചയിച്ചിരിക്കുന്നു. ഈ സ്ഥാനത്തേക്കു ഇന്ത്യാക്കാരിൽ ഒരുവരേയും ഇതിനുമുമ്പു നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടു് ഈ നിശ്ചയത്തിൽ നാം എല്ലാവരും പ്രത്യേകം സന്തോഷിക്കേണ്ടതാകുന്നു. ഇന്ത്യയിലെ എല്ലാ ഹൈക്കോടതികളിലേയും തീൎപ്പിന്മേൽ ഉള്ള അപ്പീലുകൾ പ്രിവികൌൺസിലുകാരാണ് വിചാരണചെയ്യുന്നതു്. ഹിന്തുക്കളുടെയും മുസൽമാൻമാരുടെയും ജാത്യാചാരനടപടികളേയും ശാസ്ത്രങ്ങളേയും സംബന്ധിച്ചുള്ള പല വാദങ്ങളും ഇവിടെനിന്നു തീൎച്ചപ്പെടുത്തുന്നതാകകൊണ്ടു് മിസ്റ്റർ ആമീർആലിയെപ്പോലെയുള്ള ഒരു യോഗ്യൻ അവിടെ ഉണ്ടാവുന്നതു ഒരു അനുഗ്രഹമായി കരുതേണ്ടതാകുന്നു. ഇദ്ദേഹത്തിന്നു ഇപ്പോൾ ൬൦-വയസ്സുപ്രായമായി. ൧൮൪൯-ാമാണ്ടു ജനനം. ൧൮൭൩-ൽ ബാരിസ്റ്ററായി. ൧൮൯൦-ൽ ഹൈക്കോടതിജഡ്ജിയായിനിശ്ചയിച്ചു. പെൻഷ്യൻആയതിനുശേഷം വിലാത്തിയിൽതന്നെയാണ് താമസം. ഒരു ഇംഗ്ലീഷ്മദാമ്മയെയാകുന്നു ഇദ്ദേഹം വിവാഹംചെയ്തിട്ടുള്ളതു്. അതിൽ രണ്ടു ആൺമക്കളുണ്ടു്.

---

പ്രസിദ്ധപ്പെട്ട സംസ്കൃതകവിയായ കാളിദാസൻ സിലോൺദ്വീപിന്റെ തെക്കെ അററത്തുള്ള മാതര എന്ന സ്ഥലത്തുവെച്ചായിരുന്നു മരിച്ചതെന്നും, അവിടെ വളച്ചുകെട്ടിയ ഒരു സ്ഥലം അദ്ദേഹത്തിന്റെ ശ്മശാനമാണെന്നും സിലോൺകാര് ബലമായി വിശ്വസിച്ചുവരുന്നു. മഹാമഹോപാദ്ധ്യായ സതിശചന്ദ്രവിദ്യാഭൂഷണൻ (എം. എ. എം. ഡി.) ആ സ്ഥലം ഈയിടെ സന്ദർശിക്കയുണ്ടായി. കുമാരദാസൻ എന്ന രാജാവിന്റെ ക്ഷണനപ്രകാരമായിരുന്നുവത്രെ കാളിദാസൻ സിലോണിൽപോയിരുന്നതു്. കാളിദാസനെ ദഹിപ്പിച്ചതീയിൽ നമസ്കരിച്ച് രാജാവു തന്റെ ജീവനെയും നശിപ്പിച്ചുപോൽ.

ഏകദേശം ഒന്നരകോടി ഉറുപ്പിക മൂലധനമായി ഈസ്റ്റർ ബേങ്ക് എന്ന പേരായ ഒരു ബേങ്ക് ഏർപ്പാടു ഇന്ത്യയിൽ ചെയ്യാൻ ശ്രുതിപ്പെട്ട സാസ്സൂൺകുഡുംബക്കാരു തീർച്ചപ്പെടുത്തി അതിന്നുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു.

---

ഏകദേശം ൯൦ ലക്ഷം ഉറുപ്പിക വിലയ്ക്കുള്ള കടലാസ്സ് കൊല്ലംതോറും ഇന്ത്യയിലേക്കു അന്യരാജ്യങ്ങളിൽനിന്നു കയററി വരുന്നുണ്ടു്. കടലാസ്സ് ഉണ്ടാക്കുവാൻ ഉപയോഗിക്കത്തക്ക മരം, മുള മുതലായവ നമ്മുടെരാജ്യത്തു സുലഭമായി കിട്ടും. വേലക്കാൎക്കുള്ള കൂലിയും വളരെ ചുരുങ്ങും. പക്ഷെ ഉത്സാഹവും സാമൎത്ഥ്യവും ഇല്ലാഞ്ഞാൽ അതുകൊണ്ടൊന്നും ഫലമില്ല. ഇംഗ്ലീഷിലൊ നാട്ടുഭാഷകളിലൊ ഉള്ള ഒരു വൎത്തമാനപ്പത്രമെങ്കിലും നമ്മുടെരാജ്യത്തു ഉണ്ടാക്കിയകടലാസ്സിൽ അടിക്കുന്നതായി ഇന്ത്യാരാജ്യംമുഴുവൻ തിരഞ്ഞുനോക്കിയാൽ കാണുന്നതല്ലെന്നറിയുന്നതിൽ വളരെ ആശ്ചൎയ്യപ്പെടേണ്ടിയിരിക്കുന്നു.

---

ആഫ്റിക്കയിലെ ട്രാൻസ്വാൾരാജ്യത്തു ഇന്ത്യക്കാൎക്കുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കേണ്ടതിന്നുള്ള ശ്രമത്തിൽ വേണ്ടിവരുന്ന ചിലവിലേക്കു ബോംബായിലെ ഒരു വൎത്തകനായ ടാററാശേട്ട് ഇരുപത്തിഅയ്യായിരം ഉറുപ്പിക ബഹുമാനപ്പെട്ട ഗോഖലെ മുഖാന്തരം അയച്ചുകൊടുത്തിരിക്കുന്നു. ഇന്ത്യയിലെ താന്നജാതിക്കാര് അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടും അവമാനങ്ങളും ആലോചിച്ചാൽ ട്രാൻസ്വാളിലെ സ്ഥിതി എത്രയോഭേദമെന്നു തീൎച്ചയായും പറയാം. പക്ഷെ അവനവന്റെ ദേഹത്തിലുള്ള പുണ്ണിന്റെനാററം അവനവൻ അറിയില്ല. അതു സാധാരണയാണല്ലൊ.

---

ജാപ്പാനിലെ പരിഷ്കാരം പെട്ടെന്നു തുടങ്ങിയതു ൧൮൬൮ മുതൽക്കാകുന്നു. എന്നുവെച്ചാൽ നാല്പതുകൊല്ലത്തിന്നുള്ളിലാണ ജാപ്പാൻ ജാപ്പാനായതു്. ലോകംമുഴുവൻ ആശ്ചൎയ്യപ്പെടുന്നതായ മാററം ആ രാജ്യത്തു ഉണ്ടാക്കിയതിൽ പ്രധാനകാരണഭൂതനായി കരുതേണ്ടുന്ന മാൎക്വിസ്സ് ഇറെറാ എന്ന മഹാനെ കൊറിയയിൽവെച്ചു ഒരു കൊറിയക്കാരൻ കലപ്പെടുത്തിയിരിക്കുന്നു.

---

റോമിലെ പോപ്പിനു ദിവസംപ്രതി ൨൨,൦൦൦ (ഇരുപത്തീരായിരം) കത്തുകൾ കിട്ടിവരുന്നുണ്ട്. അതെല്ലാംവായിച്ചു മറുവടി എഴുതുവാൻ ൨൫ സിക്രട്ടറിമാരും അവക്കുപുറമെ അനവധി ഉദ്യോഗസ്ഥന്മാരും ഉണ്ട്.

---

ഇംഗ്ലണ്ടിൽപാർലിമെണ്ടുതെരിഞ്ഞെടുപ്പിന്റെ ഘോഷം അതികലശലായി നടന്നുവരുന്നു. ഓരോരോഭാഗക്കാൎക്കു ജയംകിട്ടുവാനായി യോഗ്യന്മാരായിട്ടുള്ളവരെക്കൂടി വൎത്തമാനപ്പത്രങ്ങളിലും പ്രസംഗങ്ങളിലും അതിശയോക്തികളും ശുദ്ധ കളവുകളും പ്രയോഗിച്ചുവരുന്നതു ക്രിസ്ത്യാനിമതം അനുസരിച്ചുവരുന്ന ആ രാജ്യത്തിനു വളരെ ലജ്ജിക്കത്തക്ക നിലയായിത്തീൎന്നിരിക്കുന്നുഎന്നു കാൻറർബറിയിലെ ആൎച്ച്ബിഷാപ്പ് ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കാർലൈലയിലെ ബിഷപ്പും ഇതേനിലയിൽതന്നെ ആക്ഷേപംപറയുന്നുണ്ട്. അതുകൊണ്ടു ഇതു ആലോചിക്കത്തക്ക ഒരു വിഷയമാണെന്നുള്ളതിന്നു സംശയമില്ല.

---

കെ- രാഘവയ്യൻഎന്നഒരു യോഗ്യന്റെ ചിലവിന്മേലും ഉത്സാഹത്തിന്മേലുംകുംഭകോണത്തെഅദ്വൈതസഭയെപ്പോലെകാളഹസ്തിഎന്ന സ്ഥലത്തുനടത്തിവരുന്നഅദ്വൈതസഭയുടെഅഞ്ചാമത്തെ വൎഷോത്സവം ഈ ഡിസംബ്ര ൨൭-ാംനു-മുതൽ ൨൯-ാംനു-വരെ നടന്നഅവസരത്തിൽ മഹാന്മാരായ പലശാസ്ത്രിമാരും വിദ്വാന്മാരും എത്തിച്ചേൎന്നിരുന്നു. അദ്വൈതസംബന്ധമായ ഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രസിദ്ധംചെയ്യുക, പ്രസംഗങ്ങൾനടത്തുക ഇതൊക്കെയാണ് സഭയുടെ ഉദ്ദേശം. ഇക്കുറിയത്തെ വൎഷോത്സവത്തിന്നു സഭാനാഥനായിരുന്നതു് അഡ്വൊക്കെററ്ജനറാൾ ബഹുമാനപ്പെട്ട പി. എസ്സ്. ശിവസ്വാമി അയ്യരവർകളായിരുന്നു.

---

രോഗങ്ങൾ ബാധിക്കാതെയിരിപ്പാൻ കുത്തിവെക്കുന്നതുപോലെ തന്നെ ശരീരത്തിന്റെ ക്ഷീണം തടുക്കാൻ ചില സാധനങ്ങൾ ശരീരത്തിൽ കുത്തിവെക്കുന്ന സമ്പ്രദായം ഒരു ജൎമ്മൻ ഡോക്ടർ കണ്ടുപിടിച്ചിരിക്കുന്നു.

---

ലാഹൊറിൽ ഹച്ചിൻസൻ കോളേജിലെ ഹിന്തുക്കളായ വിദ്യാൎത്ഥികളുടേയും പ്രൊഫസർമാരുടേയും പ്രത്യേക ആവശ്യത്തിന്മേൽ ആ കോളേജിന്ന സമീപം ഒരു ക്ഷേത്രം പണിയിക്കാൻ തീൎച്ചപ്പെടുത്തിയതിന്റെ കല്ലിട്ടതു ദൎഭംഗമഹാരാജാവവൎകളായിരുന്നു. ഇങ്ങിനെയുള്ള നടപടി നമ്മുടെ രാജ്യത്തു പുതുതായി തുടങ്ങിയതാണെന്ന പറയേണ്ടതില്ലല്ലൊ. വിലാത്തിയിൽ കോളേജുകളുടെ ആവശ്യത്തിന്ന പള്ളികൾ പണിയുന്നതു് ഒരു സമ്പ്രദായമാണ് ഇതു്. ഏതായാലും ഇതു ഏററവും അഭിനന്ദിക്കത്തക്കതൊരു പുറപ്പാടാണെന്നുള്ളതിന്ന സംശയമില്ല. നമ്മുടെ കേരളത്തിൽ നമ്മുടെ സമുദായംവകയായി ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നതിനെപ്പററി അസൂയപ്പെടുകയും അസൂയ സഹിക്കവയ്യാതെ ഉപദേശിക്കേണ്ടുന്ന നിലയിൽ ആക്ഷേപിക്കയും ചെയ്യുന്ന ചില പത്രക്കാരും മററു പ്രമാണികളും ഇതിനെപ്പററി എന്തു അഭിപ്രായം പറയുമെന്നറിയുന്നില്ല. ഇപ്രകാരം തിരുവിതാംകൂറിനെ സംബന്ധിച്ചെടത്തോളം ഇതിൽ മറെറാരു രസമുണ്ട്. ഇവിടെ ക്ഷേത്രം ശുദ്ധമാവാതെയിരിക്കുവാൻ സ്കൂളുകൾ ദൂരെയാക്കുന്നു. ലാഹൊറിൽ മററും സ്കൂൾ ശുദ്ധമാവാൻവേണ്ടി അടുക്കെ ക്ഷേത്രം പണിയിക്കുന്നു. രണ്ടുംതമ്മിൽ ആലോചിച്ചുനോക്കിയാൽ അല്പം അന്തരമല്ല.

---

പ്രസിദ്ധനായ ഡാക്ടർ റി. എം. നായർ അവർകളെ പുതിയ സംസ്കരണ പരിഷ്കാരമനുസരിച്ചു വൈസറായിയുടെ നിയമനിൎമ്മാണസഭയിൽ മെമ്പറായി തിരിഞ്ഞെടുക്കുന്നതിനു വോട്ടുചെയ്യാനുററിരുന്ന ചില മദ്രാസുനിയമനിൎമ്മാണസഭാ മെമ്പർമാർ സമയത്തു മറിഞ്ഞുകളകയാൽ യോഗ്യനായ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടില്ലത്രെ. ബഹുമാനപ്പെട്ട മെമ്പർമാർ ഈ നീചമായ അപകൃത്യം പ്രവൎത്തിച്ചതു ജാതിസ്പൎദ്ധനിമിത്തമാണത്രെപോൽ.

പൂജ്യരായ ശൃംഗേരിജഗൽഗുരു അവർകൾ അഥവാ ഇപ്പോഴത്തെ ശ്രീശങ്കരാചാൎയ്യസ്വാമികൾ നമ്മുടെ മഹാരാജാവുതിരുമനസ്സിലെ അതിഥിയായി ഈ ധനു 12-നു ഇവിടെ എത്തുകയും 20-ാനു മടങ്ങിപ്പോകയും ചെയ്തിരിക്കുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു സ്വാമികൾക്കു 10,000 കയും ഒരു ആനയും മററു പലതും സംഭാവനചെയ്കയുണ്ടായി. ഈ പരിശുദ്ധനായ ഒരു മതാചാൎയ്യനെ കാണ്മാൻ ഭാഗ്യമുണ്ടായതിൽ ഈ ദേശത്തെ ഹിന്തുക്കൾ അസമാന്യമായ ചാരിതാൎത്ഥ്യം ഭാവിക്കുന്നു. എന്നാൽ ചില ബ്രാഹ്മണ ഉദ്യോഗസ്ഥന്മാരുടെ കുസൃതിനിമിത്തം തീൎത്ഥംവാങ്ങുക മുതലായ സംഗതികളിൽ ശൂദ്രൎക്കു മാനംകെട്ട കുഴപ്പങ്ങൾ നേരിട്ടിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

---

## പത്രാധിപക്കുറിപ്പുകൾ.

നമ്മുടെ അടുത്ത വാർഷിക പൊതുയോഗം.

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഏഴാമത്തെ വാർഷിക പൊതുയോഗം സമീപിച്ചുവരുന്നു. ഈ കൊല്ലം എവിടെവെച്ചാണ് യോഗംകൂടുന്നതെന്നും, എന്തെല്ലാം കാര്യങ്ങളാണ് വിശേഷാൽ നടത്തപ്പെടാൻ വിചാരിക്കുന്നതെന്നും മററും അറിവാൻ ഇപ്പോൾ പലക്കും താല്പര്യമുണ്ടാകും എന്നുള്ളതു സ്വാഭാവികമാണ്. എറണാകുളത്തുവെച്ചു കഴിഞ്ഞ പൊതുയോഗാനന്തരം അടുത്ത യോഗം കോഴിക്കോട്ടു കൂടുന്നതിനെപ്പററി പ്രവർത്തകന്മാരുടെ ഇടയിൽ ഒരു സ്വകാര്യാലോചനയുണ്ടായിരുന്നു. തെക്കെമലയാളത്തുവെച്ചു ഇതുവരെയും യോഗം കൂടീട്ടില്ലാത്തതും, കണ്ണൂരത്തെ യോഗത്തിൽവെച്ചു രാരിച്ചൻമൂപ്പൻ അവർകളുടെ താല്പര്യപ്രകാരം അടുത്ത യോഗം കോഴിക്കോട്ടുവെച്ചു നടത്താൻ തീർച്ചയാക്കി എങ്കിലും ചില സംഗതിവശാൽ അപ്പോൾ അതു സാധിക്കാതെവന്നതും മററുമാണ് അങ്ങിനെ ആലോചിപ്പാനുള്ള പ്രധാനകാരണം. എന്നാൽ ഇപ്പോഴും കോഴിക്കോട്ടുവെച്ചു യോഗം നടപ്പാൻ സൌകര്യപ്പെടുന്നതല്ലെന്നു പ്രസ്താവിക്കേണ്ടിവന്നിരിക്കുന്നു. കാരണം, കോഴിക്കോട്ടു തീയരുടെ വകയായി പണിനടന്നുവരുന്ന ക്ഷേത്രത്തിന്റെ പ്രതിഷ്ഠാകലശം കഴിഞ്ഞെങ്കിലല്ലാതെ അവിടത്തുകാർ ഈ കാര്യത്തിൽ വേണ്ടവണ്ണം ശ്രമിച്ചു യോഗം ഭംഗിയാക്കുവാൻ പ്രയാസമെന്നു കാണുന്നു. അവരുടെ ശ്രദ്ധമുഴുവനും വളരെ ധനവ്യയസാദ്ധ്യമായ ടി ക്ഷേത്രനിർമ്മാണത്തിൽ ആകർഷിക്കപ്പെട്ടുപോയിരിക്കുന്നു. അതുകൊണ്ടു രാരിച്ചൻമൂപ്പൻ മുതലായ മാന്യന്മാരുടെ ആലോചനപ്രകാരം ഇക്കുറി യോഗം മയ്യഴി (മാഹി) യിൽവെച്ചു നടത്താനാണ് ഇടയുള്ളതു്. പരന്ത്രീസു ഗവർമ്മെൻറവകയായ ആ സ്ഥലത്തെ മേയർ പുന്നാരാമോട്ടി അവർകളും, അവിടത്തെ പ്രധാനകുടുംബികളും മാന്യന്മാരുമായ കക്കാട്ടു കങ്കർ വൈദ്യർ കെ. പത്മനാഭൻ വക്കീൽ മുതലായ യോഗ്യന്മാരും ഇതിനു ഭാരവാഹികളായിരിക്കുന്നതും, മൂപ്പൻ അവർകൾ കൊററ്യത്തു രാമുണ്ണിവക്കീൽ അവർകൾ [illegible]കോടതിവക്കീൽ ചെറി. [illegible] അവർകൾ മുതലായി കോഴിക്കോട്ടു തലശ്ശേരി കണ്ണൂർ മുതലായ സമീപപ്രദേശങ്ങളിലെ എല്ലാ സമുദായനേതാക്കളുടേയും ഉത്സാഹവും മേൽനോട്ടവും ഇതിൽ എപ്പോഴുമുണ്ടായിരിക്കുന്നതുമാണ്. ഇതിനെസംബന്ധിച്ചു മയ്യഴിയിൽ ഇടനെ ഒരു പ്രാരംഭ

യോഗംകൂടാൻ ആലോചിച്ചുവരുന്നു; സംഗതികൾ എല്ലാം അതിൽ വച്ചു തീർച്ചയാക്കുന്നതാണ്. ശേഷംവിവരങ്ങൾ അടുത്തതിൽ.

---

**ശ്രീമൂലം പ്രജാസഭ.**

ഇതിന്റെ ൯-ാമത്തെ യോഗം ഇജ്ജനുവരി ൫-ാം-നു ആരംഭിച്ചു ൧൧-ാം-നു അവസാനിച്ചിരിക്കുന്നു. ഇതിന്റെ നടത്തിപ്പിൽ ദിവാൻ രാജഗോപാലാചാരി അവർകൾ കാണിച്ചിരിക്കുന്ന താല്പര്യം അദ്ദേഹത്തിന്നു ഈ സ്ഥാപനത്തെ പ്രജകൾക്കു ഗുണപ്രദമാക്കിച്ചെയ്‌വാനുള്ള വാസ്തവമായ ആഗ്രഹത്തെ വിളിച്ചുപറയുന്നതായിരുന്നു. പ്രജാസഭയെപ്പറ്റി ഗോപാലാചാര്യരവർകളുടെ കാലത്തു ജനങ്ങൾക്കുണ്ടായിരുന്ന നൈരാശ്യം ഇപ്പോൾ നിശ്ശേഷം അസ്തമിക്കയും മാധവരായരവർകളുടെ കാലത്തുണ്ടായിരുന്ന പ്രത്യാശ പൂർവ്വാധികമായി വർദ്ധിക്കയും ചെയ്തിരിക്കുന്നു എന്നു ഈ യോഗത്തിൽ ഹാജരായിരുന്ന ഏവനും സമ്മതിക്കുന്നതാണ്. പ്രതിനിധികളുടെ പലപ്രകാരത്തിലുള്ള എല്ലാ അപേക്ഷകളേയും സൂചനകളേയും ദിവാൻജി അവർകൾ വളരെ ക്ഷമയോടും മനസ്സിരുത്തിയും കേൾക്കുകയും നല്ലവണ്ണം ആലോചിച്ചു ഉചിതമായ മറുവടികൾ പറകയും ചെയ്തിരിക്കുന്നു. പ്രതിപാദ്യവിഷയങ്ങളെപ്പറ്റിയുള്ള പ്രതിനിധികളുടെ വാദങ്ങളെ കേൾക്കാതെ മുൻകൂട്ടി എഴുതി തയാറാക്കീട്ടുള്ള മറുവടികളെ വായിച്ചു അരങ്ങുമുഷിപ്പിക്കുന്ന സമ്പ്രദായം ഈ തവണത്തെ മറുവടികളിൽ അത്ര യാതൊന്നും ഉണ്ടായിരുന്നില്ലെന്നുള്ളതു വിശേഷിച്ചും പറയത്തക്കതായിരിക്കുന്നു. ചുരുക്കത്തിൽ പ്രജാഭാഗ്യനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു സ്വപ്രജകളുടെ സവിശേഷമായ ക്ഷേമാഭിവൃദ്ധിയെ ഉദ്ദേശിച്ചു സ്വന്തതിരുനാമസ്മാരകമായി സ്ഥാപിച്ചു നടത്തിവരുന്ന ഈ മഹാസഭയെ അവിടത്തെ യോഗ്യമന്ത്രിവരനായ രാജഗോപാലാചാരി അവർകൾ വേണ്ടവണ്ണം സംരക്ഷിക്കയും സഫലീകരിക്കുകയും ചെയ്യുന്നതാണെന്നു ഞങ്ങൾ നിസ്സംശയം പ്രസ്താവിച്ചുകൊള്ളുന്നു.

**പ്രജാസഭയിൽ യോഗംവക കാര്യം.**

ഈ തവണ യോഗം പ്രതിനിധികൾ പ്രജാസഭയിലെ വാദവിഷയങ്ങൾ ൧— ഈഴവബാലികകൾക്ക് ക്രിസ്ത്യാനിക്കുട്ടികൾക്ക് ഇപ്പോൾ പ്രവേശമുള്ള സർക്കാർ പെൺപള്ളിക്കൂടങ്ങളിലെങ്കിലും പ്രവേശം അനുവദിക്കണമെന്നാം. ൨— അവരുടെ സ്വന്തം പള്ളിക്കൂടങ്ങൾക്കു മുടവില്ലാതെ

വാഗ്ദാനത്തെ അടിസ്ഥാനമാക്കി ഉദാരമായ ഗ്രാൻറുകൊടുപ്പാൻ ഖണ്ഡിതമായ ഉത്തരവുകൾ ഉണ്ടാകണമെന്നും ആയിരുന്നു എന്നു വായനക്കാർ ഓർക്കുമല്ലോ. ഈ രണ്ടു സംഗതികളേയും സംബന്ധിച്ചു പ്രതിനിധി മിസ്റ്റർ കുഞ്ഞുപാണിക്കർ വളരെ യുക്തിയുക്തമായി പ്രതിപാദിക്കയും ദിവാൻജി അവർകൾ എല്ലാഭാഗങ്ങളേയും ശ്രദ്ധവച്ചുകേൾക്കുകയും ചെയ്തു. കഴിഞ്ഞ തവണത്തേ ഗവർമ്മേൻറിന്റെ അനുകമ്പാരഹിതമായ മറുവടി ഈഴവരുടെ സ്ത്രീവിദ്യാഭ്യാസത്തെ അവിചാരിതവും അക്രമവുമായ വിധത്തിൽ തടയുകയും ക്രിസ്ത്യാനികൾക്കുകൂടി ഈഴവർ അതുമുതൽ ഹീനജാതിക്കാരായിത്തുടങ്ങുകയും ക്ഷേത്രസാമീപ്യംപോലെ ഇപ്പോൾ പള്ളിയുടെ സാമീപ്യവും അവരുടെ സ്കൂൾപ്രവേശനത്തിനു തടസ്സമാക്കാൻ ചില ക്രിസ്ത്യാനികൾ ശ്രമിക്കയും ചെയ്യുന്നതായി പ്രതിനിധി പ്രസ്താവിക്കയും, ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്ന കാർത്തികപ്പള്ളി ഗേൾസ്ക്കൂളിലെ ഈഴവമിസ്റ്റ്രസ്സിന്റെ ഉദാഹരണത്തെ എടുത്തു കാണിക്കയും ചെയ്തു. ടി മിസ്റ്ററസ്സിന്റെ സംഗതിയെപ്പറ്റി ഗവർമ്മേൻറു പ്രത്യേകം അന്വേഷണം ചെയ്യുന്നതാണെന്നും സ്കൂൾപ്രവേശനത്തെപ്പറ്റി വേണ്ടതെല്ലാം നോക്കുന്നതായിരിക്കുമെന്നും ഒന്നാമത്തെ സംഗതിക്കു ദിവാൻജി അവർകൾ മറുപടി പറഞ്ഞു. രണ്ടാമത്തെ സംഗതിക്കു പുതിയ വിദ്യാഭ്യാസചട്ടപ്രകാരം ഗവർമ്മേൻറു സമ്മതം സിദ്ധിച്ചിട്ടുള്ള എല്ലാ പള്ളിക്കൂടങ്ങൾക്കും മുഴുവൻ ശമ്പളഗ്രാൻറു അനുവദിച്ചിരിക്കുന്നതിനാൽ ഉദാരമായ ഗ്രാൻറു അനുവദിക്കാമെന്നു ചെയ്തിരുന്ന വാഗ്ദാനത്തെപ്പറ്റി ഒന്നും ചെയ്‌വാനില്ലെന്നും എന്നാൽ ഈഴവർക്കു പ്രത്യേകം സ്കൂളുകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളെ അന്വേഷിച്ചറിഞ്ഞു വിവരത്തിനു ഒരു ലിസ്റ്റു യോഗത്തിൽ നിന്നു സമർപ്പിച്ചാൽ ഗവർമ്മേൻറു ചിലവിൽ സ്കൂളുകൾ അവർക്കായി സ്ഥാപിച്ചുകൊടുപ്പാൻ നോക്കുന്നതാണെന്നും ആണ് മറുവടി പറഞ്ഞിരിക്കുന്നത്. അതുകൊണ്ടു പുതിയ കോഡ് അനുസരിച്ചു സ്കൂളുകളെ സ്ഥാപിച്ചു നടത്താൻ തൈ[illegible]മെന്നു തോന്നുന്ന ഈഴവർക്കു ആവശ്യസ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചുകിട്ടുവാൻ ഗവർമ്മേൻറിനോടു അപേക്ഷിക്കാവുന്നതും അതു അപേക്ഷകൾ യോഗംപ്രതിനിധിമുഖേനയായാൽ നിശ്ചയമായും ഫലവത്താകുന്നതുമാണ്. ഇതിനുപുറമേ പുതിയ എഡ്യുക്കേഷൻകോഡിനെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടറുമായി കണ്ടു തങ്ങളുടെ അഭിപ്രായങ്ങളെയും സൂചനകളേയും അറിയിക്കുന്നതിനായി ഏതാനും ചില പ്രതിനിധികളെ ദിവാൻജി അവർകൾ തിരി

ത്തരുക്കുകയും അതിൽ യോഗം പ്രതിനിധിയേക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കോഡിന്റെ സെൻ—ംവകുപ്പിൽ ജാതിമതഭേദം കൂടാതെ എല്ലാവരെയും ഏതുസ്ക്കൂളുകളിലും ചേർക്കേണ്ടതാണെന്നും എന്നാൽ ഗവർമ്മെന്റു അനുവാദത്തോടുകൂടി വല്ല സ്കൂളുകളിലും വല്ലവർക്കും പ്രവേശം കൊടുക്കാതിരിപ്പാൻ ഡയറക്ടർക്കു അധികാരമുണ്ടെന്നും കാണുന്നതിൽ ഈഴവബാലികമാരെ സംബന്ധിച്ചിടത്തോളം ഡയറക്ടർ എങ്ങിനെ വിചാരിക്കുന്നു എന്നു നമ്മുടെ പ്രതിനിധി ചോദിക്കുകയും, അവർക്കു പ്രവേശം കൊടുപ്പാൻ നോക്കേണ്ടതാണെന്നും അതു ദേവഗതിയിൽ നടപ്പിൽ വരുന്നതു കാണാമെന്നും ഡാക്ടർ മിച്ചൽ അവർകൾ മറുവടി പറകയും ചെയ്തിരിക്കുന്നു. എല്ലാംകൊണ്ടും വിദ്യാഭ്യാസസംബന്ധമായി ഗവർമ്മേന്റിനോടുള്ള നമ്മളുടെ പ്രത്യേകപരാതികൾക്കു ഏറ്റവും അടുത്ത ഭാവിയിൽ തന്നെ പൂർണ്ണഫലപ്രാപ്തിയുണ്ടാകുമെന്നു കാണുന്നതിൽ സന്തോഷിക്കയും ദിവാൻ രാജഗോപാലാചാരി അവർകളുടെ നിഷ്പക്ഷപാതമായ നിലയെപ്പറ്റി ഞങ്ങൾ ഏറ്റവും അഭിനന്ദിക്കയും ചെയ്യുന്നു. നമ്മെപ്പോലെ ഇത്ര വലിയ ഒരു ജനസമുദായത്തിന്റെ നിത്യമായ കൃതജ്ഞതയ്ക്കും സ്നേഹത്തിനും പാത്രമായിത്തീർന്ന ഇദ്ദേഹം നിശ്ചയമായും തന്റെ മുൻഗാമികളിൽ എല്ലാവരെക്കാളും ഭാഗ്യവാനായ ഒരു ദിവാൻജിതന്നെ.

---

<u>ശ്രീമൂലം കൃഷിപ്രദർശനം</u>. പ്രജാസഭയെസംബന്ധിച്ചു നടത്തപ്പെട്ട ഈ പ്രദർശനം ഒരുവിധം ഭംഗിയായി കലാശിച്ചിരിക്കുന്നു. കൃഷിയെസംബന്ധിച്ചു അറിവാനുള്ളതും അറിഞ്ഞാൽ ഉടനെ പ്രയോജനമുള്ളതുമായ പലകാര്യങ്ങളും ഇതിൽനിന്നും ജനങ്ങൾ മനസ്സിലാക്കിയിരിക്കണം. തിരുവിതാംകൂറിൽ ഉണ്ടാകുന്ന എല്ലാത്തരം ഫലവർഗ്ഗങ്ങളും കിഴങ്ങുകളും ധാന്യവർഗ്ഗങ്ങളും സസ്യങ്ങളും ഔഷധികളും മരങ്ങൾ, പട്ടകൾ, തേനുകൾ മുതലായ വനഫലങ്ങളും എന്നുവേണ്ട കൃഷിയെന്നതിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെട്ട എല്ലാവും ഒരുവിധം പ്രദർശിപ്പിച്ചിരുന്നു. വളത്തിന്റെയും കൃഷിചെയ്യുന്നരീതിയുടെയും മറ്റും ഗുണംകൊണ്ടു ചെറിയ സാധനങ്ങൾ വലുതായും അല്പമായുള്ളതു അധികമായും ഉണ്ടാകുന്നതിനെപ്പറ്റിയറിവാൻ പല ദൃഷ്ടാന്തങ്ങളും പ്രദർശനസാധനങ്ങളിൽ കണ്ടിരുന്നു. പലമാതിരി കലപ്പകൾ കാലികൾക്കു തീററിനുറുക്കുന്നുള്ള യന്ത്രങ്ങൾ നെല്ലുകുത്തുന്ന യന്ത്രങ്ങൾ മുതലായ സാമഗ്രികളുടെയും

പട്ടുനൂൽപ്പുഴുക്കളെ വളർത്തുകയും, പുഴുക്കൂട്ടുകളിൽനിന്നു പട്ടുനൂലുകൾ സമ്പാദിക്കയും ചെയ്യുന്നക്രമങ്ങളേയും കാണിച്ചിരുന്നു. ഈ ഒന്നാമത്തെ പ്രദർശനം ഇത്ര നന്നായസ്ഥിതിക്കു മേലാൽ ഇതു നല്ലസ്ഥിതിയിൽ വരുമെന്നു നിശ്ചയമായും ആശിക്കാവുന്നതും, കൃഷിക്കാൎക്കു ഇതുകൊണ്ടു പലഗുണങ്ങളും കാലക്രമേണ ഉണ്ടായിത്തീരുന്നതുമാകുന്നു. പ്രദർശകന്മാരുടെ കൂട്ടത്തിൽ നമ്മുടെസമുദായത്തിൽനിന്നു തേവലക്കര തെന്നൂർ ഗോവിന്ദൻ ചാന്നാരല്ലാതെ ഞങ്ങൾ മററാരെയും കണ്ടില്ല. ഓച്ചിറമുതലായ സ്ഥലങ്ങളിൽ പ്രദർശകന്മാരധികവും ഈഴവരായിരിക്കയായിരുന്നു പതിവു.

പ്രദർശനത്തിന്നു പുറമെ കൃഷിയെസംബന്ധിച്ച പലവിഷയങ്ങളിൽ പ്രസംഗങ്ങൾ എഴുതിവായിക്ക മുതലായതും നടത്തപ്പെട്ടിരുന്നു. പ്രസംഗങ്ങൾക്കും സമ്മാനങ്ങൾകൊടുത്തിരുന്നു. ആക്കൂട്ടത്തിൽ ഞങ്ങളുടെ മിത്രമായ ചിറയിൻകീഴ് പി. ഗോവിന്ദപ്പിള്ള അവർകൾക്കു ഒരുമെഡിൽ ലഭിച്ചതായറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

---

## പുസ്തകാഭിപ്രായങ്ങൾ.

---

വേദാന്തപ്രദീപം. ഇതു തമിഴിൽ ചോദ്യോത്തരരൂപേണ എഴുതപ്പെട്ടിരിക്കുന്ന ഒരു ഗദ്യഗ്രന്ഥമാണ്. അദ്വൈതവേദാന്തസംബന്ധമായി അവശ്യം അറിഞ്ഞിരിക്കേണ്ട സകല തത്വങ്ങളും ഇതിൽ വിശദമായും ശാസ്ത്രസമ്മതമായ ക്രമമനുസരിച്ചും വിവരിച്ചിരിക്കുന്നു. അനുബന്ധം, സാധനചതുഷ്ടയം, ഉപദേശം, സമാധി, ജീവന്മുക്തി എന്ന ആറു പ്രകരണങ്ങളായിട്ടാണ് ഈ ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നതു. അനുഭവരസികനായ ഗ്രന്ഥകർത്താവു അദ്വൈതസിദ്ധാന്തത്തിലെ പ്രൌഢതത്വങ്ങളെ ആൎക്കും അറിയത്തക്കവണ്ണം ലളിതമാക്കുകയും ഓരോവാദങ്ങളേയും തമിഴിലുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളിൽനിന്നു ഏററവും സന്ദൎഭോചിതങ്ങളായ വാക്യങ്ങളെ ഉദ്ധരിച്ചു സ്ഥാപിക്കയും ചെയ്തിരിക്കുന്നു. തമിഴറിയാമെന്നുള്ളവർ അദ്വൈതശാസ്ത്രത്തിന്റെ സ്വരൂപത്തേയും, അദ്വൈതാനുസാരമായ മോക്ഷമാൎഗ്ഗത്തെയും പററിയുള്ള അനല്പവും വാസ്തവവുമായ ജ്ഞാനം സമ്പാദിക്കുന്ന വിഷയത്തിൽ "വേദാന്തപ്രദീപം"- പ്രസ്തുതസരണിയിൽ തമിഴുഭാഷ ഗ്രന്ഥദാരിദ്ര്യത്തെ അനുഭവിക്കുന്നില്ലെങ്കിലും ഗുണവിശേഷത്താൽ വളരെ ഉപകാരപ്രദമായിരിക്കുമെന്നു ഞങ്ങൾ തീർച്ചയായും അഭിപ്രായപ്പെടുന്നു. ഇതിന്റെ കർത്താവായരാമസ്വാമിഅവർകൾ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ ശിഷ്യനും ഒരു സഞ്ചാരിയായസന്യാസിയും ആണ്. ഇദ്ദേഹത്തിന്റെ സ്വദേശം കൊച്ചിയും ജാതിയിൽ (ഇദ്ദേഹത്തിനിപ്പോൾ ജാതിയെന്നുപറവാൻ തരമില്ലെങ്കിലും) ഇദ്ദേഹം തീയനുമാകുന്നു

മദ്രാസുമുതലായ സ്ഥലങ്ങളിലെ യോഗ്യരായ അനേകം തമിഴപണ്ഡിതന്മാർ ഈ ഗ്രന്ഥത്തെ ശ്ലാഘിച്ചു എഴുതീട്ടുള്ള അഭിപ്രായങ്ങളെ ഇതിനോടു ചേൎത്തിട്ടുണ്ടു. തമിഴിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ വിശേഷിച്ചും അവർ അഭിനന്ദിക്കുന്നു. ആ ഭാഷയിൽ ഒരു പച്ചമലയാളിയാൽ എഴുതപ്പെട്ട ഉത്തമഗ്രന്ഥമായി ഞങ്ങൾ ഇതിനെയാണു ആദ്യമായി കാണുന്നതെന്നു സസന്തോഷം പറഞ്ഞുകൊള്ളുന്നു. പുസ്തകത്തിന്റെ അച്ചടിയും കടലാസും കെട്ടും വളരെ നന്നായിട്ടുണ്ടു. റൊയൽ 16- വല്പത്തിൽ 272- ഭാഗങ്ങളുള്ള ഈ വിശിഷ്ടഗ്രന്ഥത്തിനു 12 ണ വിലവെച്ചിരിക്കുന്നതു കൂടിപ്പോയി എന്നു പറഞ്ഞുകൂടാ. തിരുനെൽവേലിയിൽ കൽക്കണ്ടുകച്ചവടം ചെ. പിച്ചാണ്ടിപ്പിള്ള അവർകളുടേയും, അമ്പലത്തിൽ സ്വാമി ധർമ്മകൎത്താ എം. പത്മനാഭൻ അവർകളുടേയും അടുക്കലും മദ്രാസ കോമളേശ്വരംപേട്ടയിൽ സച്ചിദാനന്ദമുദ്രാലയത്തിലും നിന്നു ഈ പുസ്തകം ആവശ്യപ്പെട്ടാൽ കിട്ടും.

തന്ത്രരത്നം. ഏതുവിഷയത്തെയും സംബന്ധിച്ച ശാസ്ത്രീയമായ ജ്ഞാനം നല്ലതാകുന്നു. മന്ത്രശാസ്ത്രത്തെപ്പറ്റി ഇക്കാലത്തു ഒരു അനാദരമാണുണ്ടായിരുന്നതെങ്കിലും, അതിലടങ്ങിയ രഹസ്യതത്വങ്ങളെ ശാസ്ത്രീയരീത്യാ ചില പാശ്ചാത്യവിദ്വാന്മാരും മറ്റും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു അതിന്റെ യഥാർത്ഥമായ അഭ്യാസത്തിൽ ജനങ്ങൾക്കു ശ്രദ്ധപതിയാൻ ഇടയുണ്ടു്. ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഈ തന്ത്രരത്നം വിസ്തീർണ്ണവും ദുരവഗാഹവുമായ മന്ത്രശാസ്ത്രസമുദ്രത്തിൽനിന്നു പറവൂർ വടക്കേക്കര പുല്ലാക്കാട്ടുകണ്ണുവൈദ്യൻ എന്ന യോഗ്യനാൽ കണ്ടെടുക്കപ്പെട്ടു സമ്പാദിക്കപ്പെട്ട ഒരു നിക്ഷേപമാണ്. മന്ത്രങ്ങളേയും അവയുടെ ലക്ഷണങ്ങളേയും ഗ്രഹാദികങ്ങളേയും ക്രിയകളേയും അവയുടെ ഉപാംഗങ്ങളേയും എന്നുവേണ്ട മന്ത്രശാസ്ത്രസംബന്ധമായി അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാസംഗതികളേയും ഈ ഗ്രന്ഥത്തിൽ നല്ലവണ്ണം പ്രതിപാദിച്ചിരിക്കുന്നു. സംസ്കൃതമൂലങ്ങൾക്കെല്ലാം ഗ്രന്ഥകൎത്താവു മലയാളത്തിൽ സ്വന്തമായ വ്യാഖ്യാനം കൊടുത്തിട്ടുണ്ടു. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകളുടെ ശിഷ്യൻ ടി. സി. പരമേശ്വര ശർമ്മ അവർകൾ ഈ ഗ്രന്ഥത്തെയും ഗ്രന്ഥകാരനേയും വളരെ ശ്ലാഘിച്ചു ഒരു മുഖവുര എഴുതിയിരിക്കുന്നു. സാധാരണ മാന്ത്രികന്മാർക്കു തന്ത്രരത്നത്തിന്റെ ഒരു പ്രതി കൈവശം ഉണ്ടായിരിക്കുന്നതു വളരെ നല്ലതാണ്. പറവൂർ വടക്കേക്കര, മടപ്ലാതുരുത്തിൽ പുല്ലാക്കാട്ടു കണ്ണുവൈദ്യൻ എന്ന മേൽവിലാസം എഴുതി അപേക്ഷിച്ചാൽ പുസ്തകം കിട്ടുമായിരിക്കും.

---

# പലവക.

ബ്രഹ്മശ്രീനാരായണഗുരുസ്വാമിതൃപ്പാദങ്ങൾ മംഗലപുരത്തു ഒരു ക്ഷേത്രസ്ഥാപനത്തിന്റെ ആവശ്യത്തിലേക്കായി ധനു ൧൫-നു- ശിവഗിരിമഠത്തിൽനിന്നു കിഴക്കൻവഴിയായി പുറപ്പെട്ടു രണ്ടുദിവ

സം മദ്ധ്യയിൽ താമസിക്കയും അവിടെനിന്നു കോഴിക്കോട്ടു, മയ്യഴി, തലശ്ശേരി, കണ്ണൂർമുതലായ സ്ഥലങ്ങളിൽ പ്രത്യേകം വിശ്രമിക്കയും ചെയ്തശേഷം മംഗലപുരത്തെത്തി മകരം ൩-ാം- ക്ഷേത്രത്തിൽ കാറവച്ചു ൪-ാം- മടങ്ങിയിരിക്കുന്നതായി ഒടുവിൽകിട്ടിയ റിപ്പോർട്ടിൽനിന്നറിയുന്നു. ഈ യാത്രയിൽ മംഗലപുരത്തുംമറ്റു സ്ഥലങ്ങളിലും സ്വാമിപാദങ്ങളെ ജനങ്ങൾ സ്വീകരിക്കയും സൽക്കരിക്കയും ചെയ്ത വിധങ്ങളേയും കാണിച്ച ഭക്തിബഹുമാനങ്ങളേയും നടത്തിയ ആഘോഷങ്ങളേയും പററി ഇവിടെ കിട്ടിയിരിക്കുന്ന റിപ്പോർട്ടുകൾ ചേർപ്പാൻ സ്ഥലംകാണാത്തതിൽ ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു. സ്വാമി ഇപ്പോൾ സുഖമായെത്തി തലശ്ശേരിമുതലായസ്ഥലങ്ങളിൽ വിശ്രമിക്കയാകുന്നു. ശിവഗിരിക്കു മടങ്ങിയെത്താൻ കുറേദിവസങ്ങൾകൂടി ചെല്ലുന്നതാണ്.

ശിവപ്രസാദൻ അവർകൾ സ്വാമിതൃപ്പാദങ്ങളെ യാത്രയിൽ പിന്തുടർന്ന് പലസ്ഥലങ്ങളിലും മതപ്രസംഗങ്ങൾ ചെയ്തുവരുന്നു.

നരസി ആശാൻ അവർകൾ കഴിഞ്ഞ തുലാം ഒടുവിലത്തെ ഞായറാഴ്ച, ഇറണാകുളം കവളത്തു പണിക്കശ്ശേരി ക്ഷേത്രത്തിൽകൂടിയ ഒരു സഭയിലും വൃശ്ചികം ഒടുവിലത്തെ ഞായറാഴ്ച കൈതവേലിക്കകത്തു കിഴക്കേവീട്ടിൽകൂടിയ ആ സഭയുടെ മറെറാരു യോഗത്തിലും സ്വാമിയുടെ അഭിപ്രായപ്രകാരമുള്ള ആചാരപരിഷ്കരണം മുതലായ പല വിഷയങ്ങളെപ്പററി പ്രസംഗങ്ങൾ ചെയ്തിരിക്കുന്നു. എറണാകുളം ഈഴവയുവസമാജത്തിലും ഈ മാന്യൻ ഈയിടെ പല സദാചാരസംബന്ധമായ പ്രസംഗങ്ങളും ചെയ്തിരിക്കുന്നതായറിയുന്നു.

യോഗത്തിൽ ഓഹരിത്തുക കുടിശ്ശികവരുത്തിയവകയ്ക്കായി മരിച്ചുപോയ മാടൻകുട്ടി എന്ന ആളിന്റെ അനന്തിരവന്റെ പേരിൽ തിരുവനന്തപുരം മുൻസീഫ് കോർട്ടിൽകൊടുത്തിരുന്ന കേസ് രാജിയാവാൻ പ്രതി തീർച്ചയാക്കിയിരിക്കുന്നു.

ഒരു യോഗാംഗവും സ്വാമിതൃപ്പാദത്തിലെ ഒരു ആശ്രിതനായ ഗൃഹസ്ഥനും ആയിരുന്ന ചെമ്പഴന്തിയിൽ കൃഷ്ണൻവൈദ്യരവർകൾ കഴിഞ്ഞതുലാം ആദ്യവും നെയ്യാററിൻകര കടവട്ടാരംദേശത്തു കാഞ്ഞിരവിളാകത്തു മണിയൻരാമൻ എന്ന മറെറാരു യോഗാംഗം ഈ മാസം ൨൮-ാം-നും ദേഹവിയോഗംചെയ്തവിവരം ഞങ്ങൾ വ്യസനപൂർവ്വം കുറിക്കേണ്ടിയിരിക്കുന്നു.

പറവൂർ മൂത്തകുന്നത്തു ശ്രീനാരായണമംഗലക്ഷേത്രത്തിൽ മകരം ൧൧-ാംനു-കൊടിയേറി ൧൮-ാംനു-യും തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ കുംഭം ൧൧-ാംനു-കൊടിയേറി ൧൮-ാംനു-യും അരുവിപ്പുറം ക്ഷേത്രത്തിൽ കുംഭം ൧൦-ാംനു-കൊടിയേറി ൧൯-ാംനു-യും ആറാട്ടുത്സവങ്ങൾ നടക്കുന്നതാകുന്നു.

അടുത്ത പൊതുയോഗത്തെപ്പറ്റി ആലോചിപ്പാനായി മയ്യഴിയിൽ കൂടുന്ന പ്രാരംഭയോഗത്തിൽ ചേരാനായി യോഗം ജനറൽ സിക്രട്ടറി എൻ. കുമാരനാശാൻ ഉടനെ വീണ്ടും മലബാറിലേക്കു പുറപ്പെടുന്നതാണ്.

യോഗം ആപ്പീസിനോടു ചേർന്ന വിദ്യാർത്ഥിസത്രത്തിൽ കൂടുതൽ വിദ്യാർത്ഥികൾ വന്നുചേർന്നുകൊണ്ടിരിക്കുന്നു.

തൃശ്ശിവപേരൂർ റെയിൽവേ സ്റ്റേഷൻസമീപം എം. ഗോപാലൻ അവർകൾ ഒരു ഹോട്ടൽ സ്ഥാപിച്ചിരിക്കുന്നു. നമ്മുടെ യാത്രക്കാർക്ക് അവിടെ ആഹാരത്തിനും വസതിക്കും വേണ്ട സൌകര്യങ്ങൾ എപ്പോഴും ഉണ്ടായിരിക്കുന്നതാണ്.

കേരളചിന്താമണി ഉടമസ്ഥൻ പി. കെ. കൃഷ്ണൻ അവർകൾ ഈയിടെ സ്ഥാപിച്ച ഒരു അച്ചുക്കൂടം തുറക്കുന്ന ആഘോഷത്തെ സംബന്ധിച്ചുകൂടിയ ഒരു യോഗത്തിൽ അഗ്രാസനം വഹിച്ചത് കൊച്ചിയിലെ ൯-ാം കൂറുതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു.

---

യോഗംവക ഓഹരിത്തവണകൾ കുടിശ്ശികയുള്ള അംഗങ്ങൾക്ക് കഴിഞ്ഞ തുലാംമുതൽ വിവേകോദയം പാതിവിലക്കു കൊടുത്തുവന്ന നിയമം ബോർഡിൽനിന്നു നിർത്തൽചെയ്തിരിക്കുന്നതിനാൽ വിവേകോദയം ആ നിരക്കനുസരിച്ചു കിട്ടാൻ ആവശ്യമുള്ളവർ ഉടനെ യോഗംവക കുടിശ്ശിക കൊടുത്തുതീർക്കേണ്ടിയിരിക്കുന്നു.

എൻ. കുമാരനാശാൻ
യോഗം ജനറൽ സിക്രട്ടറി.